# സഹ്യനാദം

ലക്കം 10 | ഒക്ടോബർ 2023 | വാല്യം 20

ഇടുക്കി രൂപതാ ബുള്ളറ്റിൻ






Prayerful Greetings

ഗോരഖ്പൂർ രൂപതയുടെ
നിയുക്ത മെത്രാൻ



## മാത്യു നെല്ലിക്കുന്നേൽ പിതാവിന്

## ഇടുക്കി രൂപതയുടെ

# പ്രാർത്ഥനാശംസകൾ

# സഹ്യനാദം

ഇടുക്കി രൂപതാ ബുള്ളറ്റിൻ

Volume : 20
Issue No. : 10
Month : October 2023





*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: +919061230151

*Cover designed by:*

Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com


## ഈ ലക്കത്തിൽ


| | |
|---|---|
| 2023 ആഗോള പ്രേഷിത ദിനത്തിൽ നൽകുന്ന സന്ദേശം | 05 |
| സിനഡിന്റെ ജനറൽ സെക്രട്ടേറിയറ്റ് | 14 |
| ഇടയലേഖനം | 18 |
| **One Million Children Praying Rosary** | **21** |
| ഇടുക്കി രൂപത പ്രവാസി അപ്പസ്തോലേറ്റ് രൂപീകരണം | 23 |
| ബിസിനസ് സംരംഭകർക്ക് പരിശീലനം | 26 |
| സിനഡനന്തര സർക്കുലർ | 28 |
| നാളാഗമം | 33 |
| BISHOP'S ENGAGEMENTS | 36 |
| കച്ചേരി വാർത്തകൾ | 40 |
| മൈനർ സെമിനാരി | 58 |
| സെന്റ് ജോസഫ് ഫോർത്ത് ഇയർ ഫോർമേഷൻ | 58 |
| സന്ന്യസ്തർ | 60 |
| ക്രിസ്തുജ്യോതി | 65 |
| വിദ്യാഭ്യാസം | 72 |
| പാവനാത്മാ കോളേജ് | 73 |
| മാർ സ്ലീവാ കോളേജ് | 75 |
| സാമൂഹ്യസേവനം | 77 |
| കെ.സി.എസ്.എൽ. | 81 |
| തിരുബാലസഖ്യം | 83 |
| ചെറുപുഷ്പ മിഷൻലീഗ് | 83 |
| കെ.സി.വൈ.എം. | 86 |
| ജീസസ് യൂത്ത് | 87 |
| മാതൃവേദി | 90 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 92 |
| ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലീയേറ്റിവ് | 93 |
| മദ്യവിരുദ്ധ സമിതി | 94 |
| ആത്മജ്യോതി | 96 |
| കരുണ ആനിമേഷൻ സെന്റർ | 96 |
| വാർത്തകളും വിശേഷങ്ങളും | 97 |


***"At times we are content to observe some precepts and to repeat prayers. The Lord, however, waits for us to encounter him, to open our hearts to him. For, our affections are healed when we enter into intimacy with Jesus.'***

*Pope Francis, Tweet, 09-09-2023*

# ഓർമ്മിക്കാൻ

## ഒക്ടോബർ മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

02 : കാവൽമാലാഖ

04 : വി. ഫ്രാൻസിസ് അസ്സീസി

13-15 : വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി

15 : ആവിലായിലെ വി. അമ്മത്രേസ്യ

16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ

17 : അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്

18 : വി. ലൂക്കാ സുവിശേഷകൻ

One Million Children Praying Rosary

21 : കെ.സി.എസ്.എൽ. രൂപതാ കലോത്സവം

22 : വി. ജോൺ പോൾ രണ്ടാമൻ

മിഷൻ ഞായർ

28 : വി. ശിമയോൻ, വി. യൂദാ തദ്ദേവൂസ് ശ്ലീഹന്മാർ

മിഷൻ ക്വസ്റ്റ് 23

C. 28. സർക്കുലർ

# പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പാ 2023 ആഗോള പ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ
(ലൂക്കാ 24: 13-35 കാണുക)

പ്രിയ സഹോദരീ സഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ യാത്രയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ," എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോള പ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ട് ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്ക് തിരികെ പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു"എന്ന് പ്രഖ്യാപിക്കാനു ുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്ക് ഉണ്ടായ ഈ മാനസാന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിൽ ഉണ്ടായ വ്യത്യാസത്തിലേക്ക് സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽ ചൂണ്ടുന്നു: യേശു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയിരുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, "അവരുടെ പാദങ്ങൾ പാത പുൽകി." പ്രേഷിത ശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷവൽക്കരണ പ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്ക് നവീകരിക്കാം.

1. "അവൻ നമുക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുകയായിരുന്നു. നമ്മുടെ പ്രേഷിത

പ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.*

ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ പരാജയ പശ്ചാത്തലത്തിൽ അവിടന്ന് മിശിഹായാണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

"അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തുകൊണ്ടുപോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്രചെയ്തു" (വാ. 15). ആദ്യശിഷ്യരെ വിളിച്ച വേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീപിച്ച്, അവരുടെകൂടെ നടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടത്തേക്ക് നമ്മോട് ഒരിക്കലും മടുപ്പ് തോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം "ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും"(വാ. 25) ആയാൽപ്പോലും.

അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിത ശിഷ്യരോട് ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്ക് ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, "പ്രത്യാശ കൈമോശം വന്നവരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം" (*സുവിശേഷത്തിന്റെ സന്തോഷം*, [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായവനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോട് സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ ദൗത്യത്തിന് മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർത്തകരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകംമുഴുവനുള്ള എല്ലാ സ്ത്രീ പുരുഷന്മാരെയും എന്റെ സാമീപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥിതനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യവും വിദൂര നാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്ന് കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവും ആണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനു മുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടന്ന് പറഞ്ഞത് നമുക്ക് വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ട് ശിഷ്യരെ ശ്രവിച്ച ശേഷം, "മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?"(വാ. 32). യേശു തന്നെയാണ് ജീവിക്കുന്ന വചനം; അവിടത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാനാവൂ; എന്തെന്നാൽ അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: "വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്" (*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [*Commentary on Isaiah*, Prologue]). "കർത്താവ് നമുക്കത് വ്യാഖ്യാനിച്ചു തന്നില്ലെങ്കിൽ, വിശുദ്ധ ലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ല; അതേസമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധ ലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ

ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും" (*അവൻ അവർക്ക് തുറന്നുകൊടുത്തു*, 1 [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളും ആയിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിന് മറ്റു ഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്ക് വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചു തരുന്നതിനാൽ അവിടന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്ന് നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്ന് നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്ക് ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽനിന്നു വരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

2. അപ്പം മുറിച്ചപ്പോൾ "ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു." ദിവ്യകാരുണ്യത്തിലെ യേശു നമ്മുടെ പ്രേഷിത ദൗത്യത്തിന്റെ ഉറവയും ഉച്ചിയും ആണ്.

ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്ക് പോയ ശിഷ്യർ നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്ന നേരം അവിടന്ന് അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായക ഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികൾ ആണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദ ഭവനത്തിലെ കുടുംബ നാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ പരിശുദ്ധാത്മാവിന്റെ കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കരികിൽ ഇരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ

ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച അതേ നിമിഷംതന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾ തന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങി പുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേ സമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായുംഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിത ശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിത പ്രവൃത്തിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിത പ്രവർത്തനം അല്ലേ? കാരണം, ക്രിസ്തു തന്നെയാണ് മുറിക്കപ്പെടുന്നത്; അത് പ്രേഷിത പ്രവർത്തനത്തിന്റെ സമുന്നതഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിത ദൗത്യത്തിന്റെയും ഉറവയും ഉച്ചിയുമാണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാം പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ: "ദിവ്യകാരുണ്യ കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്ക് സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണമെന്ന് അത് അതിന്റെ സ്വഭാവത്തിൽ ത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിനു ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്.

അതുകൊണ്ട് ദിവ്യകാരുണ്യം സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിത ദൗത്യത്തിന്റെയും ഉറവിടവും അത്യുച്ചസ്ഥാന വുമാണ്: 'യഥാർത്ഥ ദിവ്യകാരുണ്യപരമായ സഭ ഒരു പ്രേഷിത സഭ യാണ്" (*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യപ്പെട്ടിരിക്കണം (യോഹ 15;4-9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥനവഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേ കിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണെല്ലോ! ക്രിസ്തു വുമായുള്ള ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിത ശിഷ്യന് ഒരു പ്രവർത്തന നിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ. ഏറെ പ്രത്യേകിച്ച് സായംസന്ധ്യകളിൽ; എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനി ക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്കാ 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് സന്തോഷപൂർവ്വം സംസാ രിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്ക് ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്.

അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ ' 'ഉടനെതന്നെ ജറുസലേമിലേക്ക് തിരികെ പോയി" (ലൂക്കാ 24:33 കാണുക). കർ ത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാ വരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു. അവിടന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവ ദിക്കുന്നവർ പാപം, ദുഃഖം, ആന്തരിക ശൂന്യത, ഏകാന്തത എന്നി വയിൽനിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. യേശുക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യു ന്നു" (*സുവിശേഷത്തിന്റെ സന്തോഷം*, 1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ പ്രേഷിത ദൗത്യത്തിന് പ്രഥമവും പ്രധാനവുമായ വിഭവം എന്ന് പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധ ലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാരപൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്ക് സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതകളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes)* സനാതന സാധ്യതയെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമിയുടെ അതിർത്തികൾ വരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷവൽക്കരിക്കുക എന്ന പ്രേഷിത ദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടനവധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യകുടുംബത്തിന് ഇന്ന് മറ്റെന്നേക്കാളും ഉപരി സമാധാനത്തിന്റെ സദ്‌വാർത്തയും ക്രിസ്തുവിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസരത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷത്തിന്റെ സന്തോഷം*, 14). നാം വ്യക്തികൾ എന്ന നിലയിലും സമൂഹങ്ങൾ എന്ന നിലയിലും പ്രേഷിത ദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃക ആയിരിക്കുന്നത് പ്രേഷിത പ്രവർത്തനം തന്നെയാണ്"( *സുവിശേഷത്തിന്റെ സന്തോഷം*, 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും

ചെയ്യുന്നു (2 കോറി 5:14 കാണുക). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തിനായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അത് നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ, ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു:' 'ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്" (2 കോറി 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിത ദൗത്യത്തിനോട് സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെഭൗതിക കാഴ്ചവസ്തുക്കൾ, നമ്മുടെ സഹനത്തിലുള്ള കാഴ്ചവയ്പ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവ വഴി. ഭൗതികവും ആധ്യാത്മികവുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോക മിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസ പ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിക്ക് (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറി പ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ളതുമായ പ്രേഷിത സഹകരണത്തിന് നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മക സഞ്ചാരത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഇതു തന്നെയാണ്. ഈ സഞ്ചാരം എന്ന് പറയുന്നത് സഭ തന്നിലേക്കുതന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭഎന്ത് വിശ്വസിക്കുകയും എന്ത് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷികമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവും അല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്നഭാവമാണ് സഭയ്ക്കുള്ളത്. എന്തെ

ന്നാൽ, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു തരാനും നമുക്കായി അപ്പം മുറിച്ചു തരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്ക് വരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടത്തെ ദൗത്യം നമുക്ക് നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യർ മറ്റുള്ളവരോട് പറഞ്ഞതുപോലെ (ലൂക്കാ 24:35 കാണുക) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെക്കുറിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചും ആയിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്ക് വീണ്ടും ഇറങ്ങി പുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങി ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ളവരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ച് സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിത ശിഷ്യരുടെ മാതാവും പ്രേഷിത രംഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യകാ മറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവ ദിനത്തിൽ, 2023 ജനുവരി ആറാം തീയതി നൽകിയത്.

**ഫ്രാൻസിസ് പാപ്പാ**

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി - 682 025

C. 28. സർക്കുലർ

# സിനഡിന്റെ ജനറൽ സെക്രട്ടേറിയറ്റ്

## വത്തിക്കാൻ, 12 സെപ്റ്റംബർ 2023

മെത്രാന്മാരായ പ്രിയ സഹോദരരേ,

"2021 ഒക്ടോബറിൽ ഫ്രാൻസിസ് പാപ്പാ മുഴുവൻ സഭയെയും സിനഡിൽ വിളിച്ചുകൂട്ടിയതു മുതൽ ദൈവജനം മുന്നോട്ടു നീങ്ങി കൊണ്ടിരിക്കുകയായിരുന്നു" (പ്രവർത്തനരേഖ 1). ദൈവജനത്തിന്റെ കൂടിയാലോചനയോടെ ആരംഭിച്ച ഈ പ്രക്രിയയിൽ ഇപ്പോൾ നാം മറ്റൊരു നാഴികക്കല്ലിൽ എത്തിയിരിക്കുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ, ഒക്ടോബർ 4-ന്, മെത്രാൻ സിനഡിന്റെ 16-ാമത് സാധാരണ പൊതുസമ്മേളനത്തിന്റെ ആദ്യ സെഷൻ – "ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം"- പരിശുദ്ധ പിതാവ് ഉദ്ഘാടനം ചെയ്യും.

"പ്രാർത്ഥന കൂടാതെ സിനഡ് ഉണ്ടാകില്ല" (ഫ്രാൻസിസ് പാപ്പാ, 2022 ഒക്ടോബർ മാസത്തേക്കുള്ള പ്രാർത്ഥനാ നിയോഗം). എല്ലാറ്റിനുമുപരിയായി, സിനഡൽ അസംബ്ലിയിലെ അംഗങ്ങൾ മാത്രമല്ല, ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും ഓരോ പ്രാദേശിക സഭയും ഉൾപ്പെടുന്ന പ്രാർത്ഥനയുടെയും ശ്രവണത്തിന്റെയും ഒരു പ്രക്രിയയാണ് സിനഡ്. വാസ്തവത്തിൽ, കർത്താവ് ഇന്ന് തന്റെ സഭയോട് എന്താണ് ആവശ്യപ്പെടുന്നതെന്ന് വിവേചിച്ചറിയാൻ നമ്മെ നയിക്കുന്നതിനായി, പ്രാർത്ഥനയുടെയും പരിശുദ്ധാത്മാവിനോടുള്ള നിഷ്കർഷയോടുള്ള അഭ്യർത്ഥനയുടെയും കൂട്ടായ്മയിൽ ഒന്നാകാൻ ഈ സമയത്ത് നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, പ്രാദേശികസഭകളിലെ "ഐക്യത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും" (LG 23) ആയവരും, തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ പ്രാർത്ഥനയുടെ ആദ്യ ആനിമേറ്റർമാരുമായ നിങ്ങൾക്ക് ഞാൻ എഴുതുന്നു. അതായത്, മുഴുവൻ സഭയിൽനിന്നും "ഇടവിടാത്ത പ്രാർത്ഥന" (അപ്പ 12:5) പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായ്ക്കും സിനഡൽ അസംബ്ലിയിലെ എല്ലാ

അംഗങ്ങൾക്കുംവേണ്ടി ദൈവത്തിലേക്ക് ഉയരട്ടെ. നിങ്ങളുടെ പ്രാദേശിക സഭയിലെ ഓരോ ക്രിസ്ത്യൻ സമൂഹത്തിൽനിന്നും, പ്രത്യേകിച്ച് സന്യാസ സമൂഹങ്ങളിൽനിന്നും, ഏകകണ്ഠവും നിരന്തരവുമായ പ്രാർത്ഥന സിനഡിനുവേണ്ടി നടത്താൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. പ്രാർത്ഥന എന്നത് ഓരോ മെത്രാന്റെയും സംഘാത്മക പ്രവർത്തനത്തിലുള്ള യുക്തമായ പങ്കാളിത്തത്തിന്റെ രൂപങ്ങളിൽ ഒന്നും, സാർവത്രിക സഭയോടുള്ള സവിശേഷ പരിഗണനയുടെ ശ്രേഷ്ഠമായ ഒരു അടയാളവുമാണല്ലോ (cf. *Apostolorum successors*, 13).

പ്രാർത്ഥനയുടെ വ്യത്യസ്ത രൂപങ്ങൾ സഭയുടെ സിനഡാത്മക ജീവിതത്തിന്റെ ബഹുമുഖ ആവിഷ്കാരങ്ങൾ മാത്രമാണ്. ആത്യന്തികമായി, പ്രാർത്ഥന എന്നത് ശ്രവിക്കലാണ്. സിനഡാത്മക പ്രയാണം ഉദ്ഘാടനം ചെയ്തുകൊണ്ട് പരിശുദ്ധ പിതാവ് പറഞ്ഞു, "അപ്പോൾ, ഒരു ശ്രവിക്കുന്ന സഭയാകുന്നതിനും, നമ്മുടെ ദിനചര്യകളിൽനിന്ന് പുറത്തുകടന്ന്, അജപാലന വ്യാപരങ്ങളിൽനിന്ന് താൽക്കാലികമായി വിരമിച്ചുകൊണ്ട് നിൽക്കാനും ശ്രവിക്കാനും സിനഡ് നമുക്ക് അവസരമൊരുക്കുന്നു" (Moment of Reflection, Rome, Oct.9, 2021). പ്രാർത്ഥനയിലെ ആദ്യപടി ദൈവവചനം ശ്രവിക്കുക, ആത്മാവിനെ ശ്രവിക്കുക എന്നതാണ്. അതിനാൽ, സിനഡ് അസംബ്ലി തുറക്കുന്നതിനായി ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും നല്കേണ്ട ആദ്യ സംഭാവന ദൈവവചനത്തെയും ആത്മാവിനെയും ശ്രവിക്കുക എന്നതാണ്; സഭാസംബന്ധമായ വിവേചിച്ചറിയലിന് ആത്മാവിന്റെ സ്വരം അനിവാര്യമാണെന്ന (*sine qua non*) ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം നാം ചെയ്യുന്നത്.

പ്രാർത്ഥനയുടെ രണ്ടാമത്തെ രൂപം അഥവാ വശം ആരാധനയാണ്. പരിശുദ്ധ പിതാവ് പറഞ്ഞു, "ഇന്ന് നമുക്ക് ആരാധനയുടെ പ്രാർത്ഥന എത്രമാത്രം നഷ്ടപ്പെട്ടിരിക്കുന്നു; നിരവധി ആളുകൾക്ക് ഈ ശീലം മാത്രമല്ല, ദൈവത്തെ ആരാധിക്കുക എന്നതിന്റെ അർത്ഥം പോലും കൈമോശം വന്നിരിക്കുന്നു!" (Rome, Oct 9, 2021). അതിനാൽ, ശ്രവണത്തിനു ശേഷം വേണ്ടത് ദൈവം തന്റെ സഭയോട് പറയുന്നതിനെക്കുറിച്ചും ഇന്ന് സഭയിൽ ആത്മാവ് ഉണർത്തുന്നതിനെക്കുറിച്ചും ആദരവോടെ ആരാധ്യമായ നിശബ്ദതയിൽ ആയിരിക്കുക

എന്നതാണ്. ഇതുവരെ കടന്നുപോയ സിനഡാത്മക പാത നമ്മെ അദ്ഭുതത്തിലേക്കും വിസ്മയത്തിലേക്കും നയിക്കുന്ന ഒന്നാണ്, അതായത് വിധിക്കു കീഴടങ്ങൽ എന്ന ദുഃഖാവസ്ഥയിൽ നിന്നു നമ്മുടെ ദൃഷ്ടി പരിവർത്തനപ്പെടുത്തുന്നതിലേക്കും (ലൂക്കാ 25:17 കാണുക), തങ്ങളുടെ ഇടയിൽ ഉത്ഥിതനായവന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് സന്തോഷകരമായ പ്രേഷിത ദൗത്യത്തിലേക്കു പ്രവേശിക്കുന്നതിലേക്കും (ലൂക്കാ 24:33 കാണുക).

പ്രാർത്ഥനയുടെ മൂന്നാമത്തെ വശം മാധ്യസ്ഥ്യം പറയലാണ്. മധ്യസ്ഥ്യ പ്രാർത്ഥനയുടെ ഫലപ്രാപ്തിയിൽ നാം വിശ്വസിക്കണം, അത് ദൈവഹിതം നമ്മുടേതിലേക്ക് മാറ്റുന്നതല്ല. മറിച്ച്, നാം അവിടത്തെ ഹിതം വിവേചിച്ചറിഞ്ഞ് തദനുസാരം പ്രവർത്തിക്കാൻ തക്കവണ്ണം അവിടത്തെ ജീവദായകമായ ആത്മാവിന്റെ ശക്തിയാൽ നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കാൻ കർത്താവിനോട് അപേക്ഷിക്കുന്നതാണ് മധ്യസ്ഥത. “മാധ്യസ്ഥ്യം വഹിക്കുക” എന്നതിനർത്ഥം ഉത്തരവാദിത്തം ഏറ്റെടുക്കുക, നമ്മുടെ പങ്കാളിത്തവും ഇടപെടലും ദൈവമുമ്പാകെ പ്രഖ്യാപിക്കുക എന്നുമാണ്. “മാധ്യസ്ഥ്യം വഹിക്കുക” എന്നത് അർഥമാക്കുന്നത് “എനിക്ക് താൽപ്പര്യമുണ്ട്, ഞാൻ ഉൾപ്പെട്ടിരിക്കുന്നു, ഇത് എന്റേതാണ്” എന്ന് പറയുന്നതാണ്. സിനഡ് അസംബ്ലിക്കുവേണ്ടി, അതിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി, വിശിഷ്യാ, തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നമ്മോട് പലപ്പോഴും ആവശ്യപ്പെടുന്ന പരിശുദ്ധ പിതാവിനുവേണ്ടി, മാധ്യസ്ഥ്യം വഹിക്കുന്നതിലൂടെ നാം സിനഡിന്റെ ഏറ്റവും ഉയർന്ന പങ്കാളിത്തത്തിലാണ് ഉൾച്ചേരുന്നത്.

അവസാനമായി, പ്രിയ സഹോദരന്മാരേ, പ്രാർത്ഥന കൃതജ്ഞതാ പ്രകാശനമാണ്. അത് നമ്മുടെ എല്ലാ പ്രവൃത്തികളിലും ക്രൈസ്തവ സമൂഹത്തിന്റെ ജീവിതത്തിലും ദൈവത്തിന്റെ പ്രവർത്തനത്തിന്റെയും കൃപയുടെയും പ്രഥമസ്ഥാനം നാം തിരിച്ചറിയുന്നു എന്നാണ് അർത്ഥമാക്കുന്നത്. പരിശുദ്ധ പിതാവ് പറഞ്ഞു, “നന്ദി പ്രകാശനത്തിന്റെ പ്രാർത്ഥന എപ്പോഴും ആരംഭിക്കുന്നത് ഇവിടെ നിന്നാണ്: കൃപ നമുക്ക് മുമ്പേ ഉണ്ടായിരുന്നു എന്നുള്ള തിരിച്ചറിവ്. എങ്ങനെ ചിന്തിക്കണമെന്ന് നാം പഠിക്കുന്നതിനു മുമ്പേതന്നെ നമ്മൾ ചിന്തിക്കപ്പെട്ടു; സ്നേഹിക്കാൻ നാം പഠിക്കുന്നതിനു മുമ്പേതന്നെ നമ്മൾ സ്നേഹിക്കപ്പെട്ടു; നമ്മുടെ ഹൃദയങ്ങൾ ഒരാഗ്രഹം

രൂപവൽക്കരിക്കുന്നതിനു മുമ്പേ, നമ്മൾ ആഗ്രഹിക്കപ്പെട്ടു." (General Audience, Dec. 30, 2020). നന്ദിയുടെ പ്രാർത്ഥന ഒരു യഥാർത്ഥ "തെറാപ്പി" ആണ്. അത് നാം നമ്മിലേക്കുതന്നെ പിൻവാങ്ങുന്നതിൽ നിന്നും നമ്മെ മാറ്റി, ദൈവം തന്റെ സഭയിൽ തുടരുന്ന പ്രവർത്തനങ്ങൾ കണ്ടെത്താൻ കഴിയുന്ന തുറവിലേക്ക് നമ്മെ നയിക്കുന്നു.

പ്രിയ സഹോദരന്മാരേ, ശ്രവണത്തിന്റെയും ആരാധനയുടെയും മധ്യസ്ഥതയുടെയും കൃതജ്ഞതയുടെയും പ്രാർത്ഥനവഴി, മുഴുവൻ സഭാസമൂഹവും, ആത്മാവിന്റെ ശക്തിയിൽ, ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരെയും സംബന്ധിക്കുന്ന ഒരു വിശേഷ സംഭവമെന്നരീതിയിൽ സിനഡൽ അസംബ്ലിയിൽ സന്നിഹിതരായിരിക്കും. ഒക്ടോബർ 1, ഞായറാഴ്ചയിലെ (ആണ്ടുവട്ടത്തിലെ 26-ാം A വർഷം) വചനപ്രഘോഷണത്തിലും സാർവത്രിക പ്രാർത്ഥനകളിലും, ദിവ്യപൂജയുടെ സമാപനാശീർവാദത്തിലും സിനഡൽ അസംബ്ലിക്കുവേണ്ടിയുള്ള പ്രാർത്ഥനയ്ക്ക് ഊന്നൽ നൽകുന്നതിനായി ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ഈ ആവശ്യത്തിനായി സാർവത്രിക പ്രാർത്ഥനകൾക്കും സമാപനാശീർവാദത്തിനും ഉപയോഗിക്കാവുന്ന ചില ടെക്സ്റ്റുകൾ ഇതോടൊപ്പം നല്കുന്നു.

സിനഡാത്മക യാത്രയിൽ പ്രാദേശിക സഭകളെ നയിക്കുന്ന നിങ്ങളുടെ ഔത്സുക്യത്തിന് നിങ്ങളോടും, നമ്മുടെ സഭാ യാത്രയെ പുഷ്ടിപ്പെടുത്തുന്ന ഐക്യത്തിന്റെ ദാനങ്ങൾക്കും ആനന്ദപൂരിതമായ പ്രതീക്ഷയ്ക്കും കർത്താവിനോടും ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നിങ്ങൾക്കും നിങ്ങളുടെ ശുശ്രൂഷകൾക്കുംവേണ്ടി ആഗോള സഭയെ പ്രതിനിധാനം ചെയ്തുകൊണ്ട് എന്റെ പ്രാർത്ഥനകൾ ഞാൻ വാഗ്ദാനം ചെയ്യുന്നു. കർത്താവിന്റെ ആത്മാവ് നമ്മെ പ്രകാശിപ്പിക്കുകയും എപ്പോഴും അവിടത്തെ ഹിതത്തിന്റെ പാതയിൽ നമ്മെ നയിക്കുകയും ചെയ്യട്ടെ, എന്തെന്നാൽ അവിടത്തെ വചനം മാത്രമാണ് നമ്മെ ജീവിപ്പിക്കുന്നത് (സങ്കീ 119:50, കാണുക); അതിലാണ് നാം നമ്മുടെ ആനന്ദം കണ്ടെത്തുന്നത്.

സ്നേഹപൂർവം,

**മാരിയോ കർദിനാൾ ഗ്രെക്ക്,**

ജനറൽ സെക്രട്ടറി

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
കൊച്ചി - 682 025

# മിഷൻ മാസവും മിഷൻ ഞായറും

ഈശോയിൽ ഏറെ പ്രിയപ്പെട്ട വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, സഹോദരീ സഹോദരന്മാരേ, കുഞ്ഞുമക്കളേ,

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും സമാധാനം നിങ്ങളേവരോടുമൊപ്പമുണ്ടാകട്ടെ.

ആഗോള സഭ ഒക്ടോബർ മാസം മിഷൻ മാസമായി ആചരിക്കുകയാണ്. ഈ അവസരത്തിൽ നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും മിഷൻ മാസവും മിഷൻ ഞായറും സമുചിതമായി ആചരിക്കുവാൻ ഏവരേയും ക്ഷണിക്കുകയാണ്.

സഭ സ്വഭാവത്താൽതന്നെ പ്രേഷിതയാണ്. സുവിശേഷം പ്രഘോഷിക്കുകയെന്നതാണ് സഭയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യം. ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിനു വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!'' (1 കോറി.9:16). മിഷനറി ദൗത്യം മാമ്മോദീസാ സ്വീകരിച്ചിട്ടുള്ള ഏവരുടേയും ഉത്തരവാദിത്വം എന്നാണ് വിശുദ്ധ പൗലോസ്ശ്ലീഹ ഇവിടെ നമ്മെ ഓർമിപ്പിക്കുന്നത്. ''ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ'' (ലൂക്കാ 24:13-35) എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോള പ്രേഷിത ദിനത്തിൽ ഫ്രാൻസിസ് മാർപാപ്പ നമുക്ക് വിചിന്തനത്തിനായി നൽകിയിരിക്കുന്നത്. എമ്മാവൂസിലേക്ക് യാത്ര തിരിച്ച ശിഷ്യന്മാരുടെ ക്രിസ്തു അനുഭവത്തെ ആധാരമാക്കിയാണ് ഈ ആപ്തവാക്യം തിരഞ്ഞെടുത്തിരിക്കുന്നത്.

നമ്മുടെ ഓരോരുത്തരുടേയും പ്രേഷിത ദൗത്യത്തെപ്പറ്റി ആഴത്തിൽ ചിന്തിക്കുവാനും ക്രിയാത്മകമായി പ്രവർത്തിക്കുവാനും ഈ അവസരം നമുക്ക് ഉപയോഗിക്കാം. വിശ്വാസത്തിൽ നമ്മുടെ പിതാവായ മാർതോമാശ്ലീഹ, സഭയെ നയിച്ച പിതാക്കന്മാർ, നമ്മുടെ ഇടവകകളിലെ വൈദികർ, മാതാപിതാക്കന്മാർ, ജ്ഞാനസ്നാന മാതാപിതാക്കന്മാർ, വിശ്വാസത്തിൽ പരിശീലനം നൽകിയ ഗുരുനാ

ഥന്മാർ, സമർപ്പിതർ എന്നിങ്ങനെ നിരവധി പേരുടെ ത്യാഗപൂർവക മായ പ്രേഷിത പ്രവർത്തനങ്ങളിലൂടെയാണ് നമുക്ക് ഈ വിശ്വാസം ലഭിച്ചത് എന്നത് നമ്മുടെ ഓർമ്മയിലുണ്ടോ?

**ചില ചോദ്യങ്ങൾ നാം സ്വയം ചോദിക്കേണ്ടതുണ്ട് :**

1. എന്റെ ക്രിസ്തീയ വിശ്വാസത്തെ ഞാൻ എത്രമാത്രം പ്രാധാന്യ മുള്ളതായി കരുതുന്നു?
2. എനിക്ക് പകർന്നു കിട്ടിയ ക്രിസ്തീയ വിശ്വാസത്തെ പ്രതി എനി ക്കു മുമ്പേ കടന്നുപോയവരോട് ഞാൻ നന്ദിയുള്ളവനാണോ?
3. എനിക്ക് ദാനമായി ലഭിച്ച വിശ്വാസത്തെ മറ്റുള്ളവരുമായി പങ്കുവ യ്ക്കുവാൻ ഞാൻ തയ്യാറാണോ?
4. എന്റെ പ്രവർത്തന മേഖലകളിൽ ഞാൻ ഈശോയ്ക്ക് എങ്ങനെ സാക്ഷ്യം വഹിക്കുന്നു?
5. സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ ഞാൻ എപ്രകാരം സഹായി ക്കുന്നു?
6. എന്റെ പ്രാർത്ഥനയും, എന്റെ അധ്വാനത്തിന്റെയും വരുമാനത്തി ന്റെയും ഒരു പങ്കും പ്രേഷിത പ്രവർത്തനങ്ങൾക്കായി നൽകുവാൻ ഞാൻ തയ്യാറാണോ?

**മിഷൻ മാസാചരണത്തിനും മിഷൻ ഞായർ ആചരണത്തിനുമുതകുന്ന ഏതാനും നിർദ്ദേശങ്ങൾ നൽകുകയാണ്.**

1. പ്രേഷിത അവബോധം വളർത്തുവാനും ജ്വലിപ്പിക്കുവാനുമുത കുന്ന വിവിധ കർമ്മപദ്ധതികൾ കുടുംബ കൂട്ടായ്മാ തലത്തിലും ഭക്തസംഘടനാ തലത്തിലും ആവിഷ്കരിക്കുകയും കൂട്ടായ്മാ തലത്തിൽ പ്രേഷിത ദൗത്യത്തെപ്പറ്റി ക്ലാസും ചർച്ചയും നട ത്തുക.
2. ഒക്ടോബർ മാസത്തിൽ ദൈവാലയത്തിൽ നാം നടത്തുന്ന ജപമാല പ്രാർത്ഥനകളിൽ സഭയുടെ പ്രേഷിത പ്രവർത്തനങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുക.
3. ഇടവകയിൽ നിന്നുള്ള മിഷനറിമാരെ ഓർമ്മിക്കുകയും ആദരിക്കു കയും ചെയ്യുക.
4. മിഷൻ ഷെയറിംഗ്, എക്സിബിഷൻ മുതലായവ പ്രോത്സാഹി പ്പിക്കുക.

5. നമ്മുടെ രൂപതയുടെ പ്രേഷിത പ്രദേശമായ അരുണാചൽ പ്രദേശിലെ സാന്താമരിയ മിഷനെ പ്രത്യേകം അനുസ്മരിക്കുക.

6. ഒക്ടോബർമാസം 18-ാം തീയതി ഇടവകകൾ, സ്കൂളുകൾ, ഭവനങ്ങൾ തുടങ്ങിയ ഇടങ്ങളിൽ ലോകസമാധാനത്തിനായി കുട്ടികളുടെ ജപമാല നടത്തുക.

പ്രിയപ്പെട്ടവരേ, ഈശോയോടുള്ള സ്നേഹമാണ് പ്രേഷിത പ്രവർത്തനത്തിന് നമ്മെ പ്രചോദിപ്പിക്കുന്നത്. "ക്രിസ്തുവിന്റെ സ്നേഹം ഞങ്ങളെ നിർബന്ധിക്കുന്നു" (2 കൊറി. 5:14). നമ്മുടെ രൂപതയുടെ നേതൃത്വത്തിൽ നടക്കുന്ന പ്രേഷിത പ്രവർത്തനങ്ങൾക്ക് നിങ്ങൾ ഏവരും നൽകുന്ന ഔദാര്യപൂർവ്വമായ സഹകരണത്തിന് ഞാൻ നന്ദി പറയുന്നു. നിങ്ങളുടെ ത്യാഗപൂർവമായ സംഭാവനകളും പ്രാർത്ഥനാ സഹായവും വീണ്ടും അഭ്യർത്ഥിക്കുകയാണ്. മിഷൻ സംഭാവനകൾ സ്വീകരിക്കുന്നതിനായുള്ള കവർ പിരിവ് ഈ മാസം നടത്തേണ്ടതാണ്. നമ്മുടെ ഒരു ദിനത്തെ വരുമാനം പ്രേഷിത പ്രവർത്തനങ്ങൾക്കായി മാറ്റിവയ്ക്കാം. പ്രേഷിത പ്രവർത്തനം വെല്ലുവിളികൾ നിറഞ്ഞതാണെങ്കിലും പ്രേഷിത തീക്ഷ്ണത നമ്മുടെ ഹൃദയങ്ങളിൽ നമുക്ക് ഉജ്വലിപ്പിക്കാം. പ്രേഷിത ദൗത്യം മറക്കുന്ന വ്യക്തികളും, ഇടവകകളും, സമൂഹങ്ങളും എല്ലാം ക്രമേണ ക്രിസ്തീയ ജീവിതത്തിൽ സന്തോഷമില്ലാത്തവരായി മാറും. നിസ്സംഗതയും, അതൃപ്തിയും, കുറ്റപ്പെടുത്തലുകളും, പഴിചാരലുകളുമെല്ലാം അതിജീവിച്ചുകൊണ്ട് നമുക്ക് ഔദാര്യപൂർവ്വം, ധീരതയോടും പ്രത്യാശയോടും കൂടി വെല്ലുവിളികളുടെ മദ്ധ്യേ സുവിശേഷത്തിന് സാക്ഷികളാകാം.

പ്രേഷിതരുടെ രാജ്ഞിയായ പരിശുദ്ധ മറിയം നമുക്ക് മാർഗ്ഗദീപമായിരിക്കട്ടെ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിനെയും നാമത്തിൽ ഏവരെയും ആശീർവദിച്ചുകൊണ്ട്.

നിങ്ങളുടെ പിതാവ്

**+ ജോൺ നെല്ലിക്കുന്നേൽ**
ഇടുക്കി രൂപതാ മെത്രാൻ

N.B: ഈ ഇടയലേഖനം എല്ലാ ദൈവാലയങ്ങളിലും 2023 ഒക്ടോബർ 1-ാം തീയതിയോ അല്ലെങ്കിൽ ഒക്ടോബർ 8-ാം തീയതിയോ കുർബാന മധ്യേ വായിക്കേണ്ടതാണ്.

## C. 29. സർക്കുലർ

# One Million Children Praying Rosary

ഒക്ടോബർ മാസം ജപമാല ഭക്തിക്കായി പ്രത്യേകം പ്രതിഷ്ഠിതമായിരിക്കുന്ന പുണ്യമാസമാണല്ലോ. കൂടാതെ ഒക്ടോബർ 18-ാം തീയതി, ദൈവമാതാവായ പരിശുദ്ധ അമ്മയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന വി. ലൂക്കാ സുവിശേഷകന്റെ തിരുനാളുമാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ഒക്ടോബർ മാസത്തിൽ ആഗോള തലത്തിൽ ACN International പൊന്തിഫിക്കൽ സംഘടനയുടെ നേതൃത്വത്തിൽ ദശലക്ഷം കുഞ്ഞുങ്ങൾ ഒന്നിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കാറുണ്ട്. കഴിഞ്ഞ നാലുവർഷങ്ങളായി നമ്മുടെ കുഞ്ഞുങ്ങളും വിശ്വാസ സമൂഹവും ഈ യത്നത്തിൽ സജീവ പങ്കാളികളുമാണ്.

ലോകസമാധാനവും ഐക്യവും ലക്ഷ്യമാക്കി എല്ലാ വർഷവും ഒക്ടോബർ 18 നാണ് ജപമാല പ്രാർത്ഥനയ്ക്കായി ലോകം മുഴുവനുമുള്ള കുഞ്ഞുങ്ങളോടൊപ്പം നാം പങ്കുചേരുന്നത്. പ്രാർത്ഥനയുടെ ശക്തിയാൽ വിശ്വാസത്തെ ഉജ്ജ്വലിപ്പിക്കുകയാണ് ഇതുവഴി നാം ചെയ്യുന്നത്. കുട്ടികളുടെ വിശ്വാസത്തോടെയുള്ള പ്രാർത്ഥന ദൈവസന്നിധിയിൽ ഏറെ വിലയുള്ളതും മാധ്യസ്ഥ്യ ശക്തിയുള്ളതുമാണ്. ''ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ സ്വർഗരാജ്യത്തിൽ പ്രവേശിക്കുകയില്ല'' (മത്തായി 18:3). ലോകമെമ്പാടുമുള്ള കുട്ടികളുടെ ജപമാല പ്രാർത്ഥന ലോകത്തിന് അനവധി കൃപകൾ നൽകുകയും കുടുംബങ്ങൾക്കും സഭയ്ക്കും വലിയ അനുഗ്രഹവുമാണ്.

ഒക്ടോബർ പതിനെട്ടാം തീയതി ലോകം മുഴുവനുമുള്ള കുഞ്ഞുങ്ങൾ ജപമാല കൈകളിലേന്തി പ്രാർത്ഥിക്കുമ്പോൾ അവരോടൊപ്പം നമുക്കും പങ്കുചേരാം. രോഗത്താൽ വലയുന്നവരെയും, യുദ്ധത്തിന്റെ തിക്തഫലം അനുവിക്കുന്നവരെയും, വിശ്വാസത്തിനുവേണ്ടി പീഢകൾ സഹിക്കുന്നവരെയും കുഞ്ഞുങ്ങളുടെ ജപമാല പ്രാർത്ഥനയോടൊപ്പം നമുക്ക് ചേർത്തു വയ്ക്കാം. കൂടാതെ കേരള സഭാ നവീകരണ യജ്ഞത്തെയും ഒക്ടോബർ മാസം റോമിൽ നടക്കുന്ന സിനഡിനെയും മാതാവിന്റെ തിരുക്കരങ്ങളിൽ സമർപ്പിക്കാം..

വൈദികരുടെയും സമർപ്പിതരുടെയും അധ്യാപകരുടെയും നേതൃത്വത്തിൽ ഇടവകകൾ, വിദ്യാലയങ്ങൾ, സ്ഥാപനങ്ങൾ എന്നി

വിടങ്ങളിൽ ജപമാല ചൊല്ലി പ്രാർത്ഥിക്കേണ്ടതാണ്. ഇടവക തലത്തിൽ ജപമാല പ്രാർത്ഥനയ്ക്കായി കുഞ്ഞുങ്ങളെ പ്രത്യേകം ഒരുക്കുവാനും നേതൃത്വം നൽകുവാനും വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ഇടവകയിലെ സമർപ്പിതർ, മതാധ്യാപകർ, മാതാപിതാക്കൾ തുടങ്ങി എല്ലാവരും വികാരിയച്ചനോടൊപ്പം ഈ പ്രാർത്ഥനാ യജ്ഞത്തിൽ പങ്കാളികളാകണമെന്ന് ഓർമ്മിപ്പിക്കുന്നു. കുടുംബ കൂട്ടായ്മ, പ്രാർത്ഥനാ ഗ്രൂപ്പ്, മതബോധനം, മിഷൻലീഗ്, കെ.സി.എസ്.എൽ., തിരുബാലസഖ്യം, കെ.സി.വൈ.എം., ജീസസ് യൂത്ത്, മാതൃവേദി തുടങ്ങിയ രൂപതയിലെ എല്ലാ സംഘടനകളും പ്രാർത്ഥനാ യജ്ഞത്തിൽ സഹകരിക്കുമല്ലോ. പരിശുദ്ധ അമ്മയുടെ മധ്യസ്ഥ്യതയിൽ ദൈവം നമുക്കെല്ലാവർക്കും തന്റെ അനുഗ്രഹങ്ങളും കൃപകളും സമൃദ്ധമായി നൽകുമാറാകട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

ബിഷപ്പ് ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ

N.B: ഈ സർക്കുലറിലെ വിവരങ്ങൾ എല്ലാ പള്ളികളിലും അറിയിക്കേണ്ടതാണ്.

C. 30. സർക്കുലർ

# ഇടുക്കി രൂപത പ്രവാസി അപ്പസ്തോലേറ്റ് രൂപീകരണം

ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരേ, സമർപ്പിതരേ, മാതാപിതാക്കളേ, യുവജനങ്ങളേ,

മനുഷ്യരായ നമ്മുടെ ചരിത്രം കുടിയേറ്റത്തിന്റെ ചരിത്രം കൂടിയാണ്. എല്ലാ കാലഘട്ടങ്ങളിലും കൂടുതൽ മെച്ചപ്പെട്ട ജീവിത മാർഗ്ഗങ്ങൾ തേടിയുള്ള കുടിയേറ്റങ്ങൾ മനുഷ്യ ചരിത്രത്തിൽ സംഭവിച്ചിട്ടുണ്ട്. വിദൂര സ്ഥലങ്ങളിലെ നൂതന ജോലി സാധ്യതകൾ, സ്വന്തം നാട്ടിലെ പ്രതികൂല സാഹചര്യങ്ങൾ, മതപീഡനം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ സ്വന്തം ദേശം വിട്ട് വിദൂരസ്ഥലങ്ങളിൽ അഭയം പ്രാപിക്കുവാൻ മനുഷ്യരെ നിർബന്ധിച്ചിരുന്നു. ഇത്തരത്തിലുള്ള പറിച്ചു നടീൽ തങ്ങൾ ചെന്നെത്തിയ സ്ഥലങ്ങളിലെ സംസ്കാരവുമായി അനുരൂപപ്പെടാനും പുതിയ സംസ്കാരങ്ങൾക്ക് രൂപംകൊടുക്കാനും കുടിയേറ്റക്കാരെ പ്രാപ്തരാക്കിയിട്ടുണ്ട്.

തിരുസഭയെ സംബന്ധിച്ചിടത്തോളം കുടിയേറ്റത്തിന് ഒരു വലിയ പ്രേഷിതമാനം കൂടിയുണ്ട്. 'ആധുനിക ലോകത്തിലെ സുവിശേഷവത്കരണം' എന്ന തന്റെ അപ്പസ്തോലിക പ്രബോധനത്തിൽ പ്രവാസികളുടെ പ്രേഷിത ദൗത്യത്തെക്കുറിച്ച് പോൾ ആറാമൻ മാർപാപ്പ ഇങ്ങനെ കുറിക്കുന്നു: "പുതിയ ആളുകളുടെ നടുവിൽ ജീവിക്കുന്ന അവരുടെ (പ്രവാസികളുടെ) സാന്നിധ്യത്തിന്റെയും സാക്ഷ്യത്തിന്റെയും ഫലമായാണ് പുതിയ സഭകൾ രൂപീകരിക്കപ്പെടുന്നത്. അതിനാൽ അവരാണ് യഥാർത്ഥ വിത്തുകളും സുവിശേഷകരും." (21) രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനങ്ങളും പ്രവാസികളുടെ പ്രേഷിത ദൗത്യത്തെക്കുറിച്ചും അവരുടെയിടയിലെ സഭയുടെ അജപാലന ദൗത്യത്തെക്കുറിച്ചും ഊന്നിപ്പറയുന്നുണ്ട് (O.E. 2-4). അതിനാൽ പ്രവാസികളുടെയിടയിലുള്ള സുവിശേഷ പ്രഘോഷണവും അജപാലന പ്രവർത്തനങ്ങളും മാതൃസഭയുടെ ദൗത്യമാണ്.

കാർഷികപ്രദേശമായ നമ്മുടെ രൂപതയിൽ നിന്നും ഇന്ന് നിരവധി ആളുകൾ ജോലിക്കായും പഠനത്തിനായും വിദേശ രാജ്യങ്ങ

ളിലേക്ക് പോകുന്നുണ്ട്. അവരുടെ അജപാലനാവശ്യങ്ങൾ നിർവ ഹിക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. കേരളത്തിലെ പല രൂപ തകളിലും ഈ ആവശ്യത്തിനായി ഒരു പ്രത്യേക അപ്പസ്തോലേറ്റ് തന്നെ ഇക്കാലയളവിൽ രൂപീകൃതമായിട്ടുണ്ട്. ഈ സാഹചര്യത്തിൽ നമ്മുടെ രൂപതയിലും ഇത്തരത്തിൽ ഒരു അപ്പസ്തോലേറ്റ് രൂപികരി ക്കേണ്ടത് അനിവാര്യമായിത്തീർന്നിരിക്കുകയാണ്.

പ്രവാസ ജീവിതത്തിനിടയിലും നമ്മുടെ രൂപതാംഗങ്ങൾക്ക് മാതൃരൂപതയുമായുള്ള ബന്ധം നിലനിർത്താൻ സഹായിക്കുക, രൂപതാ കേന്ദ്രത്തിൽനിന്നുള്ള അറിയിപ്പുകളും വാർത്തകളും എല്ലാ അംഗങ്ങളിലേയ്ക്കും എത്തിക്കുക, വിവിധ ദേശങ്ങളിൽ പാർക്കുന്ന രൂപതാംഗങ്ങളുടെ അഭിപ്രായങ്ങളും ആവശ്യങ്ങളും രൂപതാദ്ധ്യക്ഷ നെയും ബഹു. വൈദികരെയും അറിയിക്കുക, ഗവണ്മെന്റിൽ നിന്നും പ്രവാസികൾക്കായി കാലാകാലങ്ങളിൽ ലഭിക്കുന്ന ക്ഷേമപദ്ധതി കളെ പരിചയപ്പെടുത്തുകയും അവ നേടിയെടുക്കാൻ പ്രോത്സാഹി പ്പിക്കുകയും സഹായിക്കുകയും ചെയ്യുക, രൂപതയുടെ പുരോഗതി യിലും വളർച്ചയിലും പ്രവാസികളുടെ സജീവ പങ്കാളിത്തം ഉറപ്പാ ക്കുക, പ്രവാസ നാട്ടിൽവച്ച് മരണം സംഭവിക്കുന്ന രൂപതാംഗങ്ങളുടെ മൃതശരീരം സംസ്കരിക്കാനോ, നാട്ടിലേക്ക് അയക്കുന്നതിനോ വേണ്ട ക്രമീകരണങ്ങളും സഹായങ്ങളും ചെയ്തു കൊടുക്കുക, അന്യനാട്ടിൽ വച്ച് മരണമടഞ്ഞ പാവപ്പെട്ടവരായ പ്രവാസികളുടെ കുടുംബങ്ങളെ സാധ്യമായ രീതിയിൽ പുനരധിവസിപ്പിക്കുന്നതിന് മുൻകൈ എടുക്കുക, പ്രവാസ നാട്ടിൽ വച്ച് തന്റേതല്ലാത്ത കാരണ ങ്ങളാൽ ജയിലിലാകുന്ന നിരപരാധികളായ രൂപതാംഗങ്ങളുടെ കാര്യ ങ്ങളിൽ ഇടപെടുകയും നിയമസഹായ സെല്ലിന്റെ സേവനം ലഭ്യമാ ക്കുകയും ചെയ്യുക, കേരള ഗവൺമെന്റിനു കീഴിൽ പ്രവർത്തിക്കുന്ന നോർക്കയുമായി ചേർന്ന് പ്രവാസി ക്ഷേമപദ്ധതികൾ ആവിഷ്കരി ക്കുക എന്നതൊക്കെയാണ് നമ്മുടെ രൂപതയിലെ പ്രവാസി അപ്പ സ്തോലേറ്റിന്റെ പ്രവർത്തന ലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ നേടിയെ ടുക്കുന്നതിനായി നമ്മുടെ രൂപതാകാര്യലയത്തിൽ പ്രവാസി അപ്പ സ്തോലേറ്റിന്റെ ഓഫീസ് ഉടൻതന്നെ പ്രവർത്തനമാരംഭിക്കുകയാണ്. രൂപതയിലെ പ്രവാസികളെ ഒന്നിച്ചു ചേർക്കുവാനും അവരുടെയിടെ യിലെ അജപാലന പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി ഒരു ഡയറക്ടറച്ചനെയും നിയമിച്ചിട്ടുണ്ട്. പ്രവാസി അപ്പസ്തോലേറ്റ്

പുതുതായി ആരംഭിക്കുന്ന വെബ്സൈറ്റിൽ പ്രവാസികളുടെ കുടുംബവിവരങ്ങൾ ചേർക്കുവാനുള്ള സൗകര്യവുമൊരുക്കുന്നുണ്ട്. പ്രവാസി അപ്പസ്തോലേറ്റിന്റെ പ്രവർത്തനങ്ങൾ രൂപത മുഴുവനും വ്യാപിപ്പിച്ച് കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ നിങ്ങളെല്ലാവരും സഹകരിക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

പ്രിയമുള്ളവരേ, സഭയുടെ വിശ്വാസ ധാർമ്മിക അടിത്തറയും നമ്മുടെ നാടിന്റെ നല്ല സാംസ്കാരിക മൂല്യങ്ങളും വരുന്ന തലമുറകൾക്ക് അന്യമായിത്തീരരുത്. അവയുടെ കൈമാറ്റം കുടുംബങ്ങളിലൂടെ ഫലപ്രദമായി നടക്കണം. അതിനുതകുന്ന ബോധവത്കരണവും പ്രവാസി അപ്പസ്തോലേറ്റ് ലക്ഷ്യം വയ്ക്കുന്നു. സഭാജീവിതവുമായി ആഴത്തിൽ ബന്ധപ്പെട്ട് ജീവിക്കുന്ന ഒരു കൂട്ടായ്മയായി രൂപതയോട് സജീവബന്ധം പുലർത്തുന്നവരും നല്ല വിശ്വാസ സാക്ഷ്യം നൽകുന്നവരുമായി നമ്മുടെ രൂപതയിൽ നിന്നുമുള്ള പ്രവാസികളെ രൂപപ്പെടുത്താൻ നമുക്കു സാധിക്കണം. അങ്ങനെ അവർ സഭയുടെ വളർച്ചയ്ക്കും ദൈവത്തിന്റെ മഹത്വത്തിനും ഉപകരണങ്ങളാവണം. അല്മായർ എന്ന നിലയിലുള്ള അവരുടെ ദൈവവിളി സഭയിലും സമൂഹത്തിലും അന്വർത്ഥമാക്കാൻ അവർ ശക്തരാവുകയും ചെയ്യണം. അതിനായി പ്രേഷിത മധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ മാധ്യസ്ഥ്യം പ്രാർത്ഥിച്ചുകൊണ്ട്,

ബിഷപ് ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മൊത്രാൻ

N.B: ഈ സർക്കുലർ എല്ലാ ദൈവാലയങ്ങളിലും 2023 ഒക്ടോബർ 15-ാം തീയതി കുർബാന മധ്യേ വായിക്കേണ്ടതാണ്.

C. 31. സർക്കുലർ

# ബിസിനസ് സംരംഭകർക്ക് പരിശീലനം

ഈശോയിൽ സ്നേഹം നിറഞ്ഞ വൈദികരേ, യുവജനങ്ങളേ,

ദൈവം മനുഷ്യനെ സൃഷ്ടിച്ചപ്പോൾ തന്നെ അവനു നൽകിയ ഒരു പ്രധാന നിയോഗമാണ് അധ്വാനവും തൊഴിലും. ബൈബിളിന്റെ ആദ്യഭാഗത്ത് തന്നെ നാം ഇപ്രകാരം കാണുന്നു: ഏദൻതോട്ടം കൃഷി ചെയ്യാനും സംരക്ഷിക്കാനും ദൈവമായ കർത്താവ് മനുഷ്യനെ അവിടെയാക്കി(ഉല്പത്തി 2,15). അതിനാൽ അധ്വാനവും തൊഴിലും നമ്മുടെ കടമയും അവകാശവുമാണ്. സുനിശ്ചിതമായ ഈ ദൈവവിളി ഏറ്റെടുത്ത് ഭൗതിക ജീവിതത്തിന്റെ വിവിധ മേഖലകളിൽ ക്രൈസ്തവർ അധ്വാനിക്കുകയും അത്ഭുതാവഹമായ പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. സാമൂഹിക, സാമ്പത്തിക, സാംസ്കാരിക മേഖലകളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങളിലും ആതുര ശുശ്രൂഷാരംഗത്തും സഭയുടെ സേവനങ്ങൾ അവിസ്മരണീയമാണ്. എന്നാൽ മാറിയ ആധുനിക സാഹചര്യങ്ങൾ നമ്മുടെ മുമ്പിൽ കനത്ത വെല്ലുവിളികൾ ഉയർത്തുന്നു. കാർഷിക വിഭവങ്ങളുടെ വിലത്തകർച്ചയും തൊഴിലില്ലായ്മയും മെച്ചപ്പെട്ട ജീവിത സാഹചര്യങ്ങൾ തേടി വിദേശരാജ്യങ്ങളിലേക്ക് ചേക്കേറാൻ നമ്മുടെ യുവജനങ്ങളെ നിർബന്ധിതരാക്കുന്നു. കേരളത്തിൽ യുവജന സാന്നിധ്യം കുറയുന്നത് ഇവിടെയുള്ള സഭയുടെ നിലനിൽപ്പിന് തന്നെ വെല്ലുവിളിയായി മാറുകയാണ്. കാലാനുസൃതമായ ഈ മാറ്റങ്ങൾക്ക് മുൻപിൽ പകച്ചു നിൽക്കാതെ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ നൂതന പ്രസ്ഥാനങ്ങളും ജോലി സാധ്യതകളും സൃഷ്ടിക്കാൻ നമുക്ക് സാധിക്കും. ലോകമെമ്പാടുമുള്ള സഭാശൃംഖല ഇതിനായി ഉപകാരപ്പെടുത്തുവാൻ നമുക്ക് സാധിക്കണം. സഭയുടെ ഈ വലിയ ദൗത്യത്തെക്കുറിച്ച് കൂട്ടായി ചിന്തിക്കാനും രാഷ്ട്രനിർമ്മിതിയിൽ ക്രിയാത്മകമായ പങ്കുവഹിക്കാനും യുവസംരംഭകർക്ക് ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ബിസിനസ് രംഗങ്ങളിൽ പരിശീലനം നൽകാനും സഭ ആഗ്രഹിക്കുന്നു. അതിന്റെ പ്രാരംഭ നടപ

ടിയായി ഈ വരുന്ന ഒക്ടോബർ മാസം 22, 23, 24 തീയതികളിൽ കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജിൽ വച്ച് 'നെസ്റ്റ് 23' എന്ന പേരിൽ 200 യുവാക്കളെ പങ്കെടുപ്പിച്ച് ഒരു സംരംഭക പരിശീലന പരിപാടി നടത്തുകയാണ്. ചങ്ങനാശ്ശേരി അതിരൂപതയാണ് ഈ പരിശീലന പരിപാടിക്ക് നേതൃത്വം നൽകുന്നത്. നമ്മുടെ രൂപതയിൽനിന്നും 20 പേർക്കാണ് പങ്കെടുക്കാൻ അവസരമുള്ളത്. നമ്മുടെ യുവജനങ്ങളുടെയും സമുദായത്തിന്റെയും നല്ല ഭാവി ലക്ഷ്യംവച്ചുള്ള ഈ പദ്ധതിക്ക് യുവജനങ്ങളുടെ സഹകരണം ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. സമർത്ഥരും ബിസിനസ് മേഖലയിൽ തല്പരരും സഭയോട് ചേർന്നു നില്ക്കുന്നവരും സംരംഭകരുമായ യുവജനങ്ങളെ കണ്ടെത്തി ഇക്കാര്യത്തിനായി പ്രോത്സാഹിപ്പിച്ചയയ്ക്കാൻ ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കണമെന്നും അഭ്യർത്ഥിക്കുന്നു. ഭാവിയിൽ ഒരിടവകയ്ക്ക് ഒരു സംരംഭം എന്ന സ്വപ്നം യാഥാർത്ഥ്യമാക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഈ ത്രിദിന പരിശീലന പരിപാടി നമ്മുടെ സമുദായത്തിലെ സംരംഭകർക്ക് ഒത്തുചേരാനുള്ള ഒരു അവസരം കൂടിയാണ്. കാലഘട്ടത്തിന്റെ ആവശ്യമായ ഈ പദ്ധതിയുടെ വിജയത്തിനായി എല്ലാവരും പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്യണമെന്നു സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു.

ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ട്,

മാർ ജോൺ നെല്ലിക്കുന്നേൽ
ഇടുക്കി രൂപതാ മെത്രാൻ

NB: കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനുമായി നമ്മുടെ രൂപതാംഗമായ ഫാ. ജോസഫ് പാലക്കുടിയുമായി ബന്ധപ്പെടുക.

Mob: 9961316777, 9995800692

# സിനഡനന്തര സർക്കുലർ

## ഓഗസ്റ്റ് 2023

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരിതന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കുംസമർപ്പിതർക്കും അല്മായ സഹോദരങ്ങൾക്കും എഴുതുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ മുപ്പത്തിയൊന്നാമതു സിനഡിന്റെ മൂന്നാമതു സമ്മേളനം 2023 ഓഗസ്റ്റ് 21 മുതൽ 26 വരെ സഭാ കാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്നു. നമ്മുടെ സഭയെയും സമൂഹത്തെയും ബാധിക്കുന്ന സമകാലികവിഷയങ്ങളെക്കുറിച്ചു പഠിക്കാനും പ്രതിസന്ധികൾക്കുള്ള പരിഹാരം പ്രാർത്ഥനാപൂർവ്വം അന്വേഷിക്കാനുമാണു സിനഡ് പിതാക്കന്മാർ ശ്രമിച്ചത്. സിനഡിന്റെ വിജയത്തിനായി നിങ്ങളെല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിച്ചതിനു ഹൃദയപൂർവം നന്ദി പറയുന്നു.

**പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യനിർവഹണം**

പതിറ്റാണ്ടുകളായി നമ്മുടെ സഭയിൽ ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണത്തിനായി നാം പരിശ്രമിക്കുകയായിരുന്നല്ലോ. സീറോമലബാർ സഭയിൽ എറണാകുളം-അങ്കമാലി അതിരൂപതയിലൊഴികെ മറ്റെല്ലാ രൂപതകളിലും ഏകീകൃത രീതിയിലുള്ള വിശുദ്ധ കുർബാനയർപ്പണം നടപ്പിലായി. ഈ വിഷയത്തിൽ അതിരൂപതയിൽ രൂപപ്പെട്ട പ്രതിസന്ധികൾ പരിഹരിക്കാൻ വിവിധ തലങ്ങളിൽ പരിശ്രമിച്ചെങ്കിലും വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല. ഏകീകൃത വിശുദ്ധ കുർബാനയർപ്പണവുമായി ബന്ധപ്പെട്ട പ്രശ്നപരിഹാരത്തിനുള്ള അവസാന മാർഗം എന്ന നിലയിലാണു പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ആർച്ചുബിഷപ്പ് സിറിൽ വാസിലിനെ പൊന്തിഫിക്കൽ ഡെലഗേറ്റായി നിയമിച്ചത്. ഓഗസ്റ്റ് 4-ന് കേരളത്തിലെത്തിയ ആർച്ചുബിഷപ്പ് സിറിൽ വാസിൽ എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട വിവിധ വിഭാഗം ജനങ്ങളുമായി തന്റെ ദൗത്യത്തിന്റെ ഭാഗമായി ചർച്ചകൾ

നടത്തി. എന്നാൽ, പൊന്തിഫിക്കൽ ഡെലഗേറ്റിനെതിരെ എറണാകുളം കത്തീഡ്രൽ ബസിലിക്കയിലുണ്ടായ പ്രതിഷേധം സഭയ്ക്ക് അഗാധമായ ദുഃഖമുണ്ടാക്കി. അദ്ദേഹത്തിനെതിരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുകയും സംഘർഷ സാഹചര്യം സൃഷ്ടിക്കുകയും ചെയ്തത് പൊതുസമൂഹത്തിലും സാർവത്രിക സഭയിലും നമ്മുടെ സഭയ്ക്ക് അപമാനമുണ്ടാക്കി. ഓഗസ്റ്റ് 21, 22 തീയതികളിലായി രണ്ടു തവണ പൊന്തിഫിക്കൽ ഡെലഗേറ്റ് സീറോമലബാർ സിനഡിനെ അഭിസംബോധന ചെയ്തു സംസാരിച്ചു. അച്ചടക്കവും കൂട്ടായ്മയുമില്ലാതെ സഭയ്ക്കു മുന്നോട്ടു പോകാനാവില്ലെന്നും അതിനായുള്ള കർശന നടപടികൾ ആരംഭിച്ചുവെന്നും അദ്ദേഹം അറിയിച്ചു. എറണാകുളം-അങ്കമാലി അതിരൂപതയുമായി ബന്ധപ്പെട്ട എല്ലാ തീരുമാനങ്ങളും പൊന്തിഫിക്കൽ ഡെലഗേറ്റു വഴി പരിശുദ്ധ പിതാവിന്റെ തീരുമാനത്തിനു വിധേയമായിരിക്കും.

തന്റെ ദൗത്യത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി ഓഗസ്റ്റ് 23-ാം തീയതി റോമിലെത്തിയ ആർച്ചുബിഷപ്പ് സിറിൽ വാസിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പയുമായി കൂടിക്കാഴ്ച്ച നടത്തി. ഓഗസ്റ്റ് 4 മുതൽ 22 വരെയുള്ള ദിവസങ്ങളിൽ എറണാകുളം-അങ്കമാലി അതിരൂപതയിൽ താൻ നടത്തിയ സന്ദർശനത്തെക്കുറിച്ചും അതിരൂപതയിലെ ഇപ്പോഴത്തെ സ്ഥിതിഗതികളെക്കുറിച്ചും പരിശുദ്ധ പിതാവിനെ അദ്ദേഹം അറിയിച്ചു. മാർപാപ്പയുടെയും പൗരസ്ത്യ തിരുസംഘത്തിന്റെയും നിർദേശങ്ങളുടെ വെളിച്ചത്തിൽ ഇപ്പോൾ എടുത്തിരിക്കുന്ന തീരുമാനങ്ങളിൽ ഉറച്ചുനിൽക്കാൻ മാർപാപ്പ ആവശ്യപ്പെട്ടതായി അദ്ദേഹം അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററെ അറിയിച്ചു. പൗരസ്ത്യസഭകളുടെ കാര്യാലയത്തിന്റെ പ്രീഫെക്ട് കർദിനാൾ ക്ലൗദിയോ ഗുജറോത്തിക്കും അതിരൂപതയുടെ പ്രതിസന്ധികളെക്കുറിച്ചു വിശദമായ റിപ്പോർട്ട് ആർച്ചുബിഷപ്പ് വാസിൽ നൽകിയിട്ടുണ്ട്. ഏകീകൃത വി. കുർബാനയർപ്പണരീതിയെക്കുറിച്ചുള്ള സീറോമലബാർ സിനഡിന്റെയും മാർപാപ്പയുടെയും തീരുമാനം പൂർത്തിയാക്കുന്നതിനു വേണ്ടിയുള്ള തന്റെ ദൗത്യം തുടരുമെന്നും പൊന്തിഫിക്കൽ ഡെലഗേറ്റ് അറിയിച്ചിട്ടുണ്ട്.

പൊന്തിഫിക്കൽ ഡെലഗേറ്റിന്റെ ദൗത്യം സുഗമമാക്കുന്നതിന്റെ ഭാഗമായി എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളുമായി ചർച്ച തുടരുവാൻ സിനഡ് തീരുമാനിച്ചു. സംഭാഷണം സുഗമമാ

ക്കാൻ ഒമ്പതു മെത്രാന്മാരടങ്ങിയ ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ട്. ഈ സമിതി ചർച്ചകൾക്കു തുടക്കം കുറിച്ചിട്ടുണ്ട്. ചർച്ചയിൽ ഉരുത്തിരിയുന്ന പരിഹാര മാർഗങ്ങൾ പൊന്തിഫിക്കൽ ഡെലഗേറ്റു വഴി പരിശുദ്ധ പിതാവിനു സമർപ്പിക്കുകയും ശ്ലൈഹിക സിംഹാസനം നൽകുന്ന നിർദ്ദേശങ്ങൾക്കനുസൃതമായി നടപ്പിലാക്കുകയും ചെയ്യുന്നതാണ്. വ്യക്തിപരമോ പ്രാദേശികമോ ആയ അഭിപ്രായ വ്യത്യാസങ്ങൾ മറന്ന് നമുക്ക് ഒരു മനസോടെ മുന്നോട്ടു നീങ്ങാം. എല്ലാറ്റിനെയും ഒന്നിപ്പിക്കുന്ന നമ്മുടെ കർത്താവായ ഈശോമിശിഹായുടെ ബലിവേദി നമ്മുടെ കൂട്ടായ്മയുടെ ഉറവിടമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. പ്രശ്നപരിഹാരത്തിനു വിഘാതമാകുന്ന പ്രസ്താവനകളിൽനിന്നും പ്രവർത്തനങ്ങളിൽനിന്നും എല്ലാവരും വിട്ടുനിൽക്കണമെന്ന് സ്നേഹപൂർവം ഓർമിപ്പിക്കുന്നു. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രതിസന്ധികളുടെ പരിഹാരം ഈ വർഷത്തെ എട്ടു നോമ്പാചരണത്തിലെ പ്രത്യേക നിയോഗമായി നമുക്കു സമർപ്പിക്കാം.

**മണിപ്പൂർ കലാപം**

മതേതരഭാരതത്തിന്റെ ഹൃദയത്തിലേറ്റ ആഴമേറിയ മുറിവാണു മണിപ്പൂർ കലാപം. സാമൂഹികസംവരണത്തെക്കുറിച്ചുള്ള കോടതി വിധിയോടുള്ള പ്രതിഷേധമായി പൊട്ടിപ്പുറപ്പെട്ട ഗോത്ര കലാപമായാണു മണിപ്പൂരിലെ സംഘർഷങ്ങൾ ആരംഭിച്ചത്. ഈ സംഘർഷത്തിന്റെ മറവിൽ ഇരുഗോത്രങ്ങളിലെയും ആളുകൾ പീഡനങ്ങൾക്ക് വിധേയരായിട്ടുണ്ട്. ഇവരിൽ നല്ലൊരു പങ്കും ക്രൈസ്തവരാണ്. കലാപത്തിൽ 170-ൽ പരം ആളുകൾക്കു ജീവഹാനി സംഭവിക്കുകയും ആയിരക്കണക്കിനു ഭവനങ്ങളും ആരാധനാലയങ്ങളും തകർക്കപ്പെടുകയും ചെയ്തു. പതിനായിരങ്ങൾ പ്രാണരക്ഷാർത്ഥം പലായനം ചെയ്യേണ്ടിവന്നു. അത്യാധുനിക ആയുധങ്ങളുമായി കലാപകാരികൾ കഴിഞ്ഞ മൂന്നര മാസമായി അഴിഞ്ഞാടുന്ന സാഹചര്യത്തിൽ ക്രമസമാധാനം തിരിച്ചുകൊണ്ടുവരാൻ സർക്കാർ ആത്മാർത്ഥമായി പരിശ്രമിക്കണം. പൗരന്മാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടതു കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവർക്കെതിരേ പീഡനങ്ങൾ വർധിച്ചുവരുന്നതും തികച്ചും ആശങ്കാജനകമാണ്.

മണിപ്പൂർ കലാപത്തിനെതിരായ വികാരം രാജ്യമൊന്നാകെ ജാതിമത ഭേദമന്യേ ഉയർന്നു എന്നത് മതേതര ഭാരതത്തിൽ പ്രത്യാശ പകരുന്ന വസ്തുതയാണ്. മണിപ്പൂരിലെ നമ്മുടെ സഹോദരങ്ങളുടെ സങ്കടത്തിൽ അവരോടൊപ്പം നിൽക്കാനുള്ള ഉത്തരവാദിത്തം നമുക്കുണ്ട്. മണിപ്പൂരിൽ സമാധാനവും ശാന്തിയും സുഗമമാക്കാൻ നമുക്ക് ആത്മാർഥമായി പ്രാർത്ഥിക്കാം. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പരിശ്രമങ്ങളിൽ ഭാരത കത്തോലിക്കാസഭയുടെ സാമൂഹിക സേവന വിഭാഗമായ കാരിത്താസ് ഇന്ത്യ ക്രിയാത്മകമായി ഇടപെടുന്നുണ്ട്. കാരിത്താസ് ഇന്ത്യയുടെ പ്രവർത്തനങ്ങൾക്കു നമ്മുടെ സഭ എല്ലാവിധത്തിലുമുള്ള പിന്തുണയും നൽകുന്നുണ്ട്. മണിപ്പൂരിൽ ഭവനരഹിതരും അനാഥരുമായിത്തീർന്ന വിദ്യാർഥികൾക്കു സൗജന്യ വിദ്യാഭ്യാസം നൽകാനുള്ള പരിശ്രമങ്ങൾ നമ്മുടെ വിവിധ രൂപതകളുടെ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ട് എന്നതും സ്വാഗതാർഹമാണ്. മണിപ്പൂരിനെ പുനർനിർമിക്കാനുള്ള പദ്ധതിയിൽ നാമെല്ലാവരുംആത്മാർഥമായി സഹകാരികളാകണം.

**മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

സീറോമലബാർ സഭയുടെ അഞ്ചാമതു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി 2024 ഓഗസ്റ്റ് 23 മുതൽ 25 വരെയുള്ള തീയതികളിൽ പാലാ രൂപതയുടെ അജപാലന കേന്ദ്രമായ അൽഫോൻസിയൻ പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നതാണ്. "കാലാനുസൃതമായ സഭാജീവിതവും ദൗത്യവും സീറോമലബാർ സഭയിൽ" എന്നതാണ് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെ പ്രമേയം. ഇടവക, രൂപതാ തലങ്ങളിലും സന്യാസ സമൂഹങ്ങളിലും ഈ വിഷയത്തെക്കുറിച്ചുള്ള മാർഗരേഖയുടെ അടിസ്ഥാനത്തിൽ സഭാംഗങ്ങളെല്ലാവരും ക്രിയാത്മകമായ ചർച്ചകൾ നടത്തണം. നിങ്ങളുടെ ചർച്ചകളിൽ ഉരുത്തിരിയുന്ന ആശയങ്ങളെ ക്രോഡീകരിച്ചുകൊണ്ട് അസംബ്ലിക്കുള്ള പ്രവർത്തനരേഖ തയ്യാറാക്കുന്നതാണ്. സീറോമലബാർ മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയുടെ വിജയകരമായ നടത്തിപ്പിനു നിങ്ങളുടെ സഹകരണവും പ്രാർത്ഥനയും ആവശ്യമാണ്.

**വെബ്സൈറ്റിന്റെ ഉദ്ഘാടനം**

നമ്മുടെ സഭയുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിൽ കൂടുതൽ ദൃശ്യശ്യമാക്കുന്നതിന്റെ ഭാഗമായി സീറോമലബാർ സഭ

യുടെ നവീകരിച്ച വെബ്സൈറ്റ് (www.syromalabarchurch.in) ഈ സിനഡിൽ ഉദ്ഘാടനം ചെയ്യപ്പെട്ടു. സീറോമലബാർ സഭയെക്കുറിച്ചും സഭയുടെ പ്രവർത്തനങ്ങളെക്കുറിച്ചും ഇവിടെ ലഭ്യമാകുന്ന വിവരങ്ങൾ നിങ്ങൾ പ്രയോജനപ്പെടുത്തുമല്ലോ.

**ഗോരഖ്പൂർ രൂപതയ്ക്ക് പുതിയ ഇടയൻ**

ഗോരഖ്പൂർ രൂപതയുടെ പുതിയ ഇടയനായി ചെറുപുഷ്പ സന്യാസസമൂഹാംഗമായ ഫാ. മാത്യു നെല്ലിക്കുന്നേൽ CST നിയമിക്കപ്പെട്ടു. നിയുക്ത മെത്രാനും ഗോരഖ്പൂർ രൂപതയ്ക്കും എല്ലാ ഭാവുകങ്ങളും അഭിനന്ദനങ്ങളും പ്രാർത്ഥനാപൂർവ്വം നേരുന്നു. കഴിഞ്ഞ പതിനേഴു വർഷമായി ഗോരഖ്പൂർ രൂപതയെ വളർച്ചയുടെ പാതയിൽ കൃപയോടെ നയിച്ച അഭിവന്ദ്യ മാർ തോമസ് തുരുത്തിമറ്റം CST പിതാവിനോടു സീറോമലബാർ സഭ ഏറെ കടപ്പെട്ടിരിക്കുന്നു. സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ചു ഗോരഖ്പൂർ രൂപതയ്ക്കും പിതാവിന്റെ ശ്ലൈഹികശുശ്രൂഷ അനുഗ്രഹമായിരുന്നു.

നല്ല ദൈവത്തിന്റെ കരുതലാർന്ന പരിപാലനയ്ക്ക് നമുക്കു നന്ദി പറയാം. ദൈവത്തിന്റെ അനുഗൃഹീത മാതാവും നമ്മുടെ അമ്മയുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർതോമാശ്ലീഹായുടെയും മാധ്യസ്ഥ്യം നമുക്കു സഹായമാകട്ടെ. നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2023-ാം ആണ്ട് ഓഗസ്റ്റ് മാസം 26-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

| | | |
|---|---|---|
| | | **ആഗസ്റ്റ് 2023** |
| 21/08/2023-26/08/2023 | | സീറോ മലബാർ സഭാ സിനഡിൽ പങ്കെടുത്തു. |
| 27/08/2023 | 08.00 am | വെള്ളത്തൂവൽ സെന്റ് ജോർജ് ഫൊറോന പള്ളിയുടെ ഇടവക ദിനത്തിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും, തുടർന്നുള്ള പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷത വഹിക്കുകയും ചെയ്തു. |
| 30/08/2023 | 10.30 am | പപ്പാ ന്യൂ ഗ്യുനിയ ഐതപ്പ രൂപതയിലെ രൂപതാദ്ധ്യക്ഷൻ സിബി പീടികയിൽ പിതാവിനെ ബിഷപ്പ്സ് ഹൗസിൽ സ്വീകരിച്ചു. |
| 31/07/2023 | 10.30 am | ജയിംസ് പുന്നപ്ലാക്കൽ അച്ചന്റെ വത്സല പിതാവ് വി. വി. വർക്കിയുടെ 1-ാം ചരമ വാർഷിക ദിനത്തിൻ വി. കുർബാനയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. |
| | | **സെപ്റ്റംബർ 2023** |
| 02/09/2023 | 10.00 am | എട്ടുനോമ്പ് തിരുനാളിനോടനുബന്ധിച്ച് രാജാക്കാട് ക്രിസ്തുരാജ ഫൊറോന ദൈവാലയത്തിൽ നിന്ന് രാജകുമാരി ദൈവമാതാ ദൈവാലയത്തിലേക്ക് നടന്ന മൂന്നാമതു രൂപതാതല മരിയൻ തീർത്ഥാടനത്തിന് നേതൃത്വം നൽകി |
| | 6.30 pm | ബഹു. മാത്യു കൊച്ചുപുര അച്ചന്റെ വത്സല പിതാവിന്റെ നിര്യാണത്തിൽ കദളിക്കാട്ട് ഭവനത്തിലെത്തി ഒപ്പിസ് ചൊല്ലി പ്രാർത്ഥിച്ചു. |

| | | |
|---|---|---|
ഒക്ടോബർ മാസം പൊതുവേ ജപമാല മാസമായാണല്ലോ അറിയപ്പെടുന്നത്. പരിശുദ്ധ അമ്മയുടെ ജപമാല നമുക്കും ലോകം മുഴുവനും സുരക്ഷിതത്വം നൽകുന്ന ഒരു കോട്ടയാണ്. ലോകം മുഴുവനും പരിശുദ്ധ അമ്മയുടെ സംരക്ഷണം ഉറപ്പിക്കുന്നതിനു വേണ്ടി ACN ഇന്റർനാഷണൽ എന്ന പൊന്തിഫിക്കൽ സംഘടന നേതൃത്വം കൊടുക്കുന്ന ആഗോള തലത്തിൽ നടത്തുന്ന ഈ പ്രാർത്ഥനാ യജ്ഞത്തിൽ ഇടവകയിലെ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുമല്ലോ. കുട്ടികളുടെ നേതൃത്വത്തിലാണ് ഈ ജപമാല പ്രാർത്ഥന നടത്തപ്പെടുന്നത്. ആഗോള തലത്തിൽ One Million കുട്ടികൾ ഈ പ്രാർത്ഥനയിൽ പങ്കെടുക്കുന്നു. ഒക്ടോബർ 18 നാണ് ഇത് നടത്തപ്പെടുന്നത്. ഈ വർഷത്തെ നിയോഗം ചൂഷണത്തിനും പീഡനത്തിനും ഇരയാക്കപ്പെടുന്ന എല്ലാവരെയും പ്രത്യേകിച്ച് കുട്ടികളെ സമർപ്പിച്ച് പ്രാർത്ഥിക്കുക എന്നതാണ്. ഇതിനെക്കുറിച്ച് കൂടുതൽ

അറിയാൽ One Million Children Praying Rosary എന്ന് ഇന്റർനെറ്റിൽ സെർച്ച് ചെയ്താൽ മതി.

## CJ. 61/23 മിഷൻ ക്വസ്റ്റ് - 23 (ഒക്ടോബർ 28)

സീറോമലബാർ സഭയിലെ 35 രൂപതകളിലും പ്രവാസി മേഖലകളിലും ഉള്ള വിശ്വാസികളിൽ തിരുവചന-ജ്ഞാനവും സഭാബോധവും പ്രേഷിതചിന്തയും വളർത്തുകയെന്ന ലക്ഷ്യവുമായി സീറോമലബാർ വിശ്വാസ പരിശീലന കമ്മീഷനും മിഷൻ ഓഫീസും സംയുക്തമായി വിഭാവനം ചെയ്തിരിക്കുന്ന 'മിഷൻ ക്വസ്റ്റ്' എന്ന ഓൺലൈൻ ക്വിസ് ഈ വർഷവും നടത്തപ്പെടുകയാണ്. കഴിഞ്ഞ വർഷം നമ്മുടെ രൂപതയിലെ എല്ലാ ഇടവകകളിൽ നിന്നും സജീവ പങ്കാളിത്തം ഉണ്ടായി. 2023 ഒക്ടോബർ മാസം 28 ശനിയാഴ്ച വൈകുന്നേരം 8 മണിക്ക് നടത്തപ്പെടുന്ന ക്വിസ് മത്സരത്തിൽ പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ?

വിദ്യാർത്ഥികൾക്കും മുതിർന്നവർക്കും വെവ്വേറെയാണ് മത്സരം. ക്രമീകരിച്ചിരിക്കുന്നത്. ഈ മത്സരം പൂർണ്ണമായും ഓൺലൈൻ ആയിട്ടാണ് നടത്തപ്പെടുക. പ്രത്യേക ഫീസ് ഉണ്ടായിരിക്കുന്നതല്ല. തിരുവചനവും, കൂദാശകളും, കൂദാശാനുകരണങ്ങളും, സഭാവിജ്ഞാനീയവുമാണ് ഇത്തവണത്തെ പഠനവിഷയം. ജൂൺ മാസത്തിൽ മതബോധന അധ്യാപകർക്കായി നടത്തപ്പെട്ട 9 ഓൺലൈൻ ക്ലാസുകൾ കൂദാശകളെയും കൂദാശാനുകരണങ്ങളെയും ആഴത്തിൽ മനസ്സിലാക്കാൻ സഹായകരമായതിനാൽ അവയുടെ ലിങ്കുകൾ ഇതോടൊപ്പം നൽകുന്നു. കൂദാശകളെക്കുറിച്ചും സഭാവിജ്ഞാനീയത്തെപ്പറ്റിയുമുള്ള ക്വസ്റ്റിൻ ബാങ്ക് ഇംഗ്ലീഷ്, മലയാളം, ഹിന്ദി, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിൽ വരും ആഴ്ചകളിൽ ലഭിക്കുന്നതാണ്. സഭാംഗങ്ങൾക്കെല്ലാവർക്കും കൂദാശകളെക്കുറിച്ചുള്ള അറിവിൽ ആഴപ്പെടാനുള്ള അസുലഭ അവസരമായി ഈ ക്വസ്റ്റ് പരിപാടിയെ പരിഗണിക്കുകയും ഇടവകകളിൽ അവതരിപ്പിക്കുകയും ചെയ്യുമല്ലോ.

മതബോധന വിഭാഗത്തോടൊപ്പം മിഷൻലീഗ്, കുടുംബക്കൂട്ടായ്മ, മാതൃവേദി, പിതൃവേദി, യൂത്ത് മൂവ്മെന്റ് തുടങ്ങിയ എല്ലാ ഭക്തസംഘടനകളെയും ഈ ഓൺലൈൻ പഠനപദ്ധതിയിൽ പങ്കെടുപ്പിക്കുന്നതിന് പ്രോത്സാഹിപ്പിക്കുമല്ലോ?

Please follow the link below to access the classes on Sacraments and Sacaramentals:

https:/youtubecom/playlist?list=PLl 2VhUneprVDXdCBLGma52iSuBdVCVyEsl=BzbsioR5-JPChF5i

## SYLLABUS

| No. | Catechism Students | Adults | Weig-htage | Source |
|---|---|---|---|---|
| 1. | Gospel of Mark | Gospel of Mark & 1 & 2 Letters of Corinthians | 40% | POC Bible/NRSV |
| 2. | Seven Sacraments | Seven Sacraments | 30% | For the content and sample questions: www.syromalabarmission.com |
| 3. | General<br>1. Syro-Malabar Church its History & Hierarchy<br>2. Saints, Blesseds and Venerables of the Syro Malabar Church<br>3. Syro-Malabar Mission & Mission Eparchies<br>4. Mission frontiers like Mission League, Jesus Youth, Fiat.. | General<br>1. Syro-Malabar Church its History & Hierarchy<br>2. Saints, Blesseds and Venerables of the Syro Malabar Church<br>3. Syro-Malabar Mission & Mission Eparchies<br>4. Mission frontiers like Mission League, Jesus Youth, Fiat... | 30% | For the sample questions: www.syromalabarmission.com |

## INSTRUCTIONS

1. Mission Quest is an on-line mission quiz programme separately conducted for catechism students and adults, using Google Forms.
2. This mission quiz for catechism students and adults in all 35 eparchies of the Syro-Malabar Church will be separate Google Form links for each eparchy and category.

3. Links to those Google Forms will be made avialable on the website of the Syro-Malabar Mission office: www.syromalabarmission.com
4. The Google Forms will be active for 40 minutes on Saturday. October 28.2023, from 08.00 PM 1ST.
5. The schedules for the eparchies outside India arc different and they will be available from the Catechism Directors of the respective eparchies and the website of the Syro-Malabar Mission Office.
6. No pre-registration is required in participate in the Mission Quest. However, name, parish, eparchy, mobile phone number and email are mandatory at the time of the competition.
7. Select the correct answer from the given choices.
8. The top scorer is the winner. In ease of a tie, the shortest time in submission among them is the criterion.
9. There are no study guides or sample questions made available for the section from the Holy Bible. Sample questions for other categories will be on the website www.syromalabarmission.com before October 05.2023.
10. Use the email: 2023missionquest@gmail.com to clarify any related queries.
11. The decisions of the Syro-Malabar Mission Office regarding the Mission Quest will be final.

## CORPORATE EDUCATIONAL AGENCY

### Edn. 17/23 ലഹരി വിരുദ്ധ ദിനം

വളർന്നു വരുന്ന പുതിയ തലമുറയുടെ ഭാവിക്ക് ഈ കാലഘട്ടത്തിൽ ഏറ്റവും വലിയ ഭീഷണി ഉയർത്തുന്ന ഒരു തിന്മയാണ് ലഹരിയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം. സ്കൂൾ വിദ്യാഭ്യാസ കാലത്തുതന്നെ ചില കുട്ടികൾ ഈ തിന്മയക്ക് അടിമകൾ ആയി ത്തീരുന്നു എന്ന വസ്തുത ഏറെ ആശങ്കാജനകമാണ്. നമ്മുടെ സ്കൂൾ ക്യാമ്പസുകൾ ലഹരിമുക്തമാക്കുക എന്ന ലക്ഷ്യത്തോടെ ഗാന്ധിജയന്തി ദിനത്തോടനുബന്ധിച്ച് ഒക്ടോബർ മൂന്നാം തീയതി നമ്മുടെ എല്ലാ സ്കൂളുകളിലും ലഹരി വിരുദ്ധ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കണമെന്ന് എല്ലാ പ്രഥമാധ്യാപകരെയും അധ്യാപകരെയും ഓർമ്മിപ്പിക്കുന്നു.

## Edn. 18/23 സംസ്ഥാന അധ്യാപക അവാർഡ് ജേതാവ്

2022-23 അധ്യായന വർഷത്തെ മികച്ച ഹയർസെക്കണ്ടറി അധ്യാപകനുള്ള സംസ്ഥാന അവാർഡിന് മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ പ്രിൻസിപ്പാൾ ശ്രീ. ജോസഫ് മാത്യൂ അർഹനായി. ഇടുക്കി രൂപത വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള വിവിധ സ്കൂളുകളിൽ അധ്യാപകൻ എന്ന നിലയിലും പ്രഥമാധ്യാപകൻ എന്ന നിലയിലും അദ്ദേഹം ചെയ്ത പാഠ്യപാഠ്യേതര പ്രവർത്തനങ്ങൾ പരിഗണിച്ചാണ് കേരള സർക്കാർ അദ്ദേഹത്തെ മികച്ച അധ്യാപകനായി തിരഞ്ഞെടുത്ത് അവാർഡ് നൽകിയത്. സംസ്ഥാന അധ്യാപക അവാർഡ് കരസ്ഥമാക്കിയ ശ്രീ. ജോസഫ് മാത്യൂ സാറിന് അനുമോദനങ്ങളും ആശംസകളും.

## Edn. 19/23 പുതിയ സ്കൂൾ ബ്ലോക്കിന്റെ ഉദ്ഘാടനം

മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂളിൽ പുതിയതായി നിർമ്മിച്ച അൽഫോൻസ ബ്ലോക്കിന്റെ വെഞ്ചെരിപ്പ് സെപ്തംബർ 21-ാം തീയതി അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവും ഉദ്ഘാടനം ബഹു. കേരള ജലവിഭവ വകുപ്പു മന്ത്രി ശ്രീ. റോഷി അഗസ്റ്റ്യനും നിർവ്വഹിച്ചു. പതിനാറായിരം സ്ക്വയർ ഫീറ്റ് വലിപ്പത്തിൽ നിരവധി ക്ലാസുമുറികളും ലാബുകളും ഓഡിറ്റോറിയവും മറ്റും അടങ്ങുന്ന ഈ വലിയ സ്കൂൾ ബ്ലോക്ക് മാനേജ്മെന്റിന്റെ പിൻതുണയോടെ അധ്യാപകരുടെ നേതൃത്വത്തിൽ പൊതുജനങ്ങളുടെ സഹകരണത്തോടെയാണ് നിർമ്മിച്ചത്. ഇതിന്റെ നിർമ്മാണത്തിൽ സഹകരിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ അറിയിക്കുന്നു.

# പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

## PCM. 69/23 21/8/2023 Histo Blast

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ History ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ Histo Blast എന്ന പേരിൽ പ്രസംഗ മത്സരം നടത്തി.

**PCM. 70/23 24/8/2023 ഓണാഘോഷം**

മുരിക്കാശ്ശേരി പാവനത്മാ കോളേജിൽ NSS ന്റെ നേതൃത്വ ത്തിൽ ഈ വർഷത്തെ ഓണാഘോഷ പരിപാടികൾ നടന്നു.

**PCM. 71/23 26/8/2023 Online Essay Competition**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ Womens Equality Day യുടെ ഭാഗമായി Equal opportunity cell online essay competition സംഘടിപ്പിച്ചു.

**PCM. 72/23 5/9/2023 അധ്യാപക ദിനം**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ women Cell, Dance Club and Music Club ന്റെ നേതൃത്തിൽ അധ്യാപക ദിനം ആചരിച്ചു.

**PCM. 73/23 7/9/2023 കനൽ 2023**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ കേരള സർക്കാർ വനിതാ ശിശു വികസന വകുപ്പിന്റെ നേതൃത്വത്തിൽ കനൽ ഫെസ്റ്റ് 2023 നടത്തി.

**PCM. 74/23 14/9/2023 ജീവനി**

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ World Suicide Prevention day യുടെ ഭാഗമായി ജീവനി എന്ന പേരിൽ കുട്ടികൾ ക്കായി ഒരു ക്ലാസ്സ് സംഘടിപ്പിച്ചു.

**PCM. 75/23 15/9/2023 Care and Share**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ English ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ മുരിക്കാശ്ശേരി സ്നേഹഭവനിൽ Cultural പ്രോഗ്രാം നടത്തി.

**PCM. 76/23 20/9/2023 ക്വിസ് മത്സരം**

മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ International Ozone Day യുടെ ഭാഗമായി ഭൂമിത്ര ക്ലബിന്റെയും Economics ഡിപ്പാർട്മെ ന്റിന്റെയും നേതൃത്വത്തിൽ ക്വിസ് മത്സരം നടത്തി.

# മാർ സ്ലീവാ കോളേജ്, രാജമുടി

## MSC. 55/23 മാർ സ്ലീവാ കോളേജിന് പുതിയ ചാപ്പൽ

കോളേജിന്റെ ഗ്രൗണ്ട് ഫ്ളോറിൽ പുതിയതായി നിർമ്മിച്ച കോളേജ് ചാപ്പലിന്റെ ആശീർവാദ കർമ്മം കോളേജ് മാനേജർ റവ. മോൺ. ജോസ് കരിവേലിക്കൽ നിർവഹിച്ചു. കോളേജ് ബർസാർ ഫാ. ജെയിംസ് പാലക്കാമറ്റം പ്രഥമ ദിവ്യബലി അർപ്പിക്കുകയും പരിശുദ്ധ കുർബാന പരസ്യവണക്കത്തിനായി എഴുന്നള്ളിച്ച് വയ്ക്കുകയും ചെയ്തു.

## MSC. 56/23 ഉഷേരി 2K23 ഓണാഘോഷം

2023-24 അധ്യയന വർഷത്തെ ഓണാഘോഷം കോളേജ് യൂണിയന്റെ നേതൃത്വത്തിൽ ഓഗസ്റ്റ് 24-ാം തീയതി വ്യാഴാഴ്ച രാവിലെ 10 മുതൽ നടത്തപ്പെട്ടു. കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലാക്കാമറ്റം ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ഡോ. മോളി എം.എ. ആശംസകൾ അർപ്പിച്ചു ഇ.ആർ.ഒ. യുടെ നിർദ്ദേശ പ്രകാരം ഇലക്ഷൻ കമ്മീഷന്റെ ലോഗോ ഉൾപ്പെടുത്തിയ പൂക്കളവും, മെഗാ തിരുവാതിര, ഓണസദ്യ, വടം വലി, ഓണപ്പാട്ട്, മലയാളി മങ്ക, കേരള ശ്രീമാൻ, മാവേലി, എന്നീ മത്സരങ്ങളും നടത്തപ്പെട്ടു.

## MSC. 57/23 അധ്യാപക ദിനാഘോഷം

ദേശീയ വിദ്യാഭ്യാസദിനമായ സെപ്റ്റംബർ 5 ന് അധ്യാപക ദിനാഘോഷം സംഘടിപ്പിച്ചു എൻ.സി.സി. യൂണിറ്റ്, കോളേജ് യൂണിയൻ, എൻ.എസ്.എസ്., സോഷ്യൽ വർക്ക് ഡിപ്പാർട്മെന്റിന്റെയും ആഭിമുഖ്യത്തിൽ സെപ്റ്റംബർ 5-ാം തീയതി ചൊവ്വാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് കോൺഫറൻസ് ഹാളിൽ വച്ച് എല്ലാ അധ്യാപകരെയും ആദരിച്ചു. വിദ്യാർത്ഥികൾ അധ്യാപകർക്ക് ആശംസകൾ നേരുകയും അധ്യാപകർ തങ്ങളുടെ അനുഭവങ്ങൾ വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുകയും ചെയ്തു.

## MSC. 58/23 എട്ടുനോമ്പ് തിരുനാൾ

പരിശുദ്ധ അമ്മയുടെ പിറന്നാൾ ദിനമായ സെപ്റ്റംബർ 8 ന്

കോളേജ് ചാപ്പലിൽ ഫാ. ജോയ്സ് അഴിമുഖത്ത് വിശുദ്ധ കുർബാന അർപ്പിച്ചു.

## MSC. 59/23 വർക്ക് ഷോപ്പ്

ഇംഗ്ലീഷ് ഭാഷയിൽ വിദ്യാർത്ഥികളെ നൈപുണ്യമുള്ളവരാക്കുക എന്ന ലക്ഷ്യത്തോടെ സോഷ്യൽ വർക്ക് ഡിപ്പാർട്മെന്റിന്റെ നേതൃത്വത്തിൽ സോഷ്യൽ വർക്ക് വിദ്യാർത്ഥികൾക്കായി രണ്ടുദിവസത്തെ വർക്ക് ഷോപ്പ് സെപ്റ്റംബർ 12, 13 തീയതികളിൽ സംഘടിപ്പിച്ചു. ഇംഗ്ലീഷ് വിഭാഗം മേധാവി അസിസ്റ്റന്റ് പ്രൊഫസർ എബ്രഹാം എം.എ. നേതൃത്വം നൽകി.

## MSC. 60/23 ടൈംസ്പ്രോ പ്ലെയ്സ്മെന്റ് ഡ്രൈവ്

മാർ സ്ലീവാ കോളേജിലെ പ്ലെയ്സ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ കോളേജ് വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ മാസം 13-ാം തീയതി ബുധനാഴ്ച 12 മണി മുതൽ കോളേജിൽ വച്ച് ലോജിസ്റ്റിക് പ്ലെയ്സ്മെന്റ് ഡ്രൈവ് സംഘടിപ്പിച്ചു. പ്ലെയ്സ്മെന്റിൽ ടൈംസ്പ്രോ കമ്പനി തൃശൂർ പങ്കെടുത്തു. ടൈംസ്പ്രോ ഹെഡ് പി.എം. ഹരി പ്ലെയ്സ്മെന്റ് ഡ്രൈവിന് നേതൃത്വം നൽകി. പ്ലെയ്സ്മെന്റ് സെൽ കോ-ഓർഡിനേറ്റർ ശ്രീ. അജു ജോളി, കുമാരി ആഷിലി ജോൺ എന്നിവർ പങ്കെടുത്തു.

## MSC. 61/23 ഓർഗനൈസേഷൻ വിസിറ്റ്

സോഷ്യൽ വർക്ക് കരിക്കുലത്തിന്റെ ഭാഗമായുള്ള ഓർഗനൈസേഷൻ വിസിറ്റ് ഫസ്റ്റ് ഇയർ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 14 ന് നടത്തി. സാമൂഹിക സേവനരംഗത്ത് സ്തുത്യർഹ സേവനം കാഴ്ചവച്ചുകൊണ്ടിരിക്കുന്ന ഗ്രീൻവാലി ഡെവലപ്മെന്റ് സൊസൈറ്റി തടിയമ്പാട്, നവജ്യോതി ചാരിറ്റബിൾ സൊസൈറ്റി രാജമുടി എന്നിവ അന്നേ ദിവസം വിദ്യാർത്ഥികൾ സന്ദർശിച്ചു.

## MSC. 62/23 പി.ടി.എ. മീറ്റിംഗ്

ഒന്നാം വർഷ, രണ്ടാം വർഷ ബിരുദ വിദ്യാർത്ഥികളുടെ പി.ടി.എ. സെപ്റ്റംബർ 14-ാം തീയതി വ്യാഴാഴ്ച ഉച്ചകഴിഞ്ഞ് 1.30 ന് പി.ടി.എ. സെക്രട്ടറി ശ്രീ. ജോബിൻ ജോസഫിന്റെ അധ്യക്ഷതയിൽ കോൺഫറൻസ് ഹാളിൽ വച്ച് നടത്തപ്പെട്ടു. പ്രിൻസിപ്പാൾ ഡോ. മോളി എം.എ. യോഗം ഉദ്ഘാടനം ചെയ്തു. കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലക്കാമറ്റം ആശംസകൾ നേർന്നു.

## MSC. 63/23 ഫ്രെഷേഴ്സ് ദിനാഘോഷം

സെപ്റ്റംബർ 15-ാം തീയതി വെള്ളിയാഴ്ച ഉച്ചക്കഴിഞ്ഞ് 1.30 മുതൽ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കായി ഫ്രെഷേഴ്സ് ദിനം സംഘടിപ്പിച്ചു. അധ്യാപകരുടെ മേൽനോട്ടത്തിൽ സീനിയർ വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ നടത്തപ്പെട്ടു.

## MSC. 64/23 നാഷണൽ എംപ്ലോയബിലിറ്റി ടെസ്റ്റ്

മാർ സ്ലീവാ കോളേജിലെ അസാപ്പ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ മാസം 11-ാം തീയതി മുതൽ 19-ാം തീയതി വരെ നാഷണൽ എംപ്ലോയബിലിറ്റി ടെസ്റ്റ് നടത്തി. അൻപതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. അസാപ്പ് കോഓർഡിനേറ്റർമാരായ അജു ജോളി, എമിലിയ ജോയി എന്നിവർ നേതൃത്വം നൽകി.

# സോഷ്യൽ സർവ്വീസ്

## SS 26/23 ജൽ ജീവൻ മിഷൻ കിറ്റ് വിതരണം

ജൽ ജീവൻ മിഷൻപദ്ധതിയുടെ ഭാഗമായി കഞ്ഞിക്കുഴി പഞ്ചായത്തിൽ പദ്ധതി നിർവ്വഹണ സഹായ സംഘടനയായ ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ നേതൃത്വത്തിൽ അംഗൻവാടി കുട്ടികൾക്കായി നല്കുന്ന സ്കൂൾ ബാഗ്, പെൻസിൽ പൗച്ച്, വാട്ടർ ഡിസ്പെൻസർ, വാട്ടർ ബോട്ടിൽ എന്നിവ അടങ്ങുന്ന കിറ്റുകൾ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വക്കച്ചൻ വയലിൽ ടീം ലീഡർ ശ്രീ. എബിൻ കുറുന്താനത്തിൽ നിന്ന് ഏറ്റുവാങ്ങി. വാർഡ് മെമ്പർമാർ, ജൽ ജീവൻ മിഷൻ സ്റ്റാഫ് അംഗങ്ങൾ എന്നിവർ പരിപാടിയിൽ സംബന്ധിച്ചു.

## SS 27/23 നോമ്പുകാല സംഭാവന (തുടർച്ച)

**20/07/2023 മുതൽ 22/08/2023 വരെ ലഭിച്ച നോമ്പുകാല സംഭാവനകൾ**

1. St. Antony's Church, Irumpupalam 7000/

## SS 28/23 സൗജന്യ മെഡിക്കൽ ക്യാമ്പ്

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെയും ചെറുപുഷ്പ മിഷൻലീഗ് വാഴത്തോപ്പ് മേഖലയുടെയും സംയുക്ത ആഭിമുഖ്യത്തിൽ പലാ മാർ സ്ലീവ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് 17/09/2023 ഞായറാഴ്ച വാഴത്തോപ്പ് സെന്റ് ജോർജ്ജ് യു.പി. സ്കൂളിൽ വച്ച് നടത്തപ്പെട്ടു. മെഡിസിറ്റി യിലെ വിദഗ്ദ ഡോക്ടർമാരായ കാർഡിയോളജി വിഭാഗം ഡോക്ടർ രാജു, ഫിസിഷ്യന്മാരായ ഡോക്ടർ ശ്രീനാഥ് ശ്രീനിവാസ്, ഡോക്ടർ ജോയൽ, ശ്വാസകോശ വിഭാഗം ഡോക്ടർ സാൽവിൻ എന്നിവർ ക്യാമ്പിന് നേതൃത്വം നല്കി. 150 പേർക്ക് ക്യാമ്പിൽ നിന്ന് സൗജന്യ സേവനം ലഭിച്ചു.

## SS 29/23 വാട്ടർ ടാങ്ക് പദ്ധതി ഉദ്ഘാടനം

നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ട്രൈബൽ ഡെവലെപ്മെന്റ് പദ്ധതിയുടെ ഭാഗമായി മറയൂർ ഗ്രാമപഞ്ചായത്തി ന്റെയും, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന്റെയും ഹൈറെഞ്ച് ഡെവലെപ് മെന്റ് സൊസൈറ്റിയുടെയും സംയുക്ത സഹകരണത്തോടെ കാർ ഷിക വികസനം ലക്ഷ്യമിട്ട് കുടികളിൽ കൃഷിയിടങ്ങൾ നനയ്ക്കു ന്നതിനു വേണ്ടി നിർമ്മിച്ച വാട്ടർ ടാങ്കുകളുടെ ഉദ്ഘാടനം മറയൂർ തായന്നംകുടിയിൽ നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ഗോപകുമാരൻ നായർ നിർവ്വഹിച്ചു. ഉറവകളിൽനിന്നും അരുവിക ളിൽനിന്നും വെള്ളം വാട്ടർ ടാങ്കുകളിൽ ശേഖരിച്ച് വിവിധ കൃഷിയിട ങ്ങളിലേക്ക് എത്തിക്കുക എന്നതാണ് ലക്ഷ്യം. ഈപരിപാടിയിൽ നബാർഡ് ഡി.ഡി.എം. ശ്രീ. അജീഷ് ബാലു, എച്ച്.ഡി.എസ്. എക്സി ക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, മറയൂർ ഗ്രാമ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൻ ശ്രീമതി ദീപ അരുൾ ജ്യോതി, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോമോൻ തോമസ്, വില്ലേജ് പ്ലാനിംഗ് കമ്മറ്റി പ്രസിഡന്റ് ശ്രീ. സൂര്യൻ, പ്രോഗ്രാം ഓഫീ സർ ശ്രീ. സിബി മാളിയേക്കൽ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## SS 30/23 മില്ലറ്റ് പദ്ധതിക്ക് തുടക്കം കുറിച്ചു

അന്യം നിന്നുപോയ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാ ഹനവും അവയുടെ മൂല്യ വർധിത ഉത്പന്നങ്ങളുണ്ടാക്കി മാർക്കറ്റിൽ

വലിയ സാധ്യതകൾ ഉണ്ടാക്കുന്നതിനുള്ള ഈ പുതിയ പദ്ധതിയുടെ ഉദ്ഘാടനം മറയൂർ തായന്നംകുടിയിൽ വച്ച് നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ഗോപകുമാരൻ നായർ വിവിധ ചെറുധാന്യങ്ങളുടെ വിത്തുകൾ തായന്നംകുടി കാണിക്ക് നല്കിക്കൊണ്ട് നിർവ്വഹിച്ചു. മറയൂർ, അടിമാലി ഗ്രാമപഞ്ചായത്തുകളിലുള്ള 293 കുടുംബങ്ങളെ ഏകോപിപ്പിച്ചുകൊണ്ടാണ് ഈവാല്യൂ ചെയിൻ മില്ലറ്റ് പദ്ധതി നടത്തുന്നത്. ഇതിലൂടെ തനതായ കൃഷികൾ പ്രോത്സാഹിപ്പിക്കുക, പോഷക ആഹാരങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക, സമൂഹത്തിന് വേണ്ട വിധത്തിൽ വിവിധ പുതിയ ഉത്പന്നങ്ങൾആക്കി മാറ്റി വിപണിയിൽ എത്തിക്കുക എന്നതാണ് ഉദ്ദേശ്യം. ഈപരിപാടിയിൽ നബാർഡ് ഡി.ഡി.എം. ശ്രീ. അജീഷ് ബാലു, എച്ച്.ഡി.എസ്. എക്സി ക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, മറയൂർ ഗ്രാമ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൻ ശ്രീമതി ദീപ അരുൾ ജ്യോതി, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോമോൻ തോമസ്, വില്ലേജ് പ്ലാനിംഗ് കമ്മറ്റി പ്രസിഡന്റ് ശ്രീ. സൂര്യൻ, പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നി വർ പങ്കെടുത്തു.

## SS 31/23 MEDP പദ്ധതി ഉദ്ഘാടനം

ട്രൈബൽ ഡെവലെപ്മെന്റ് പദ്ധതിയുടെ ഭാഗമായി സ്വയം തൊഴിൽ കണ്ടെത്തുന്നതിന് ആവശ്യമായ പരിശീലന പരിപാടിക്ക് തുടക്കം കുറിച്ചു. മറയൂർ ഗ്രാമ പഞ്ചായത്തിൽ നടന്ന വില്ലേജ് പ്ലാനിംഗ് കമ്മറ്റിയിൽ സ്വയം തൊഴിൽ കണ്ടെത്തുന്നന്നതിന്റെയും വരുമാന വർദ്ധനവ് സൃഷ്ടിക്കുന്നതിന്റെയും ഭാഗമായി മറയൂർ ആദിവാസി കുടികളിൽ ലഭിക്കുന്ന ചുറ്റീന്തുകൾ ഉപയോഗിച്ച് ബ്രാൻഡഡ് ആയിട്ടുള്ള ചൂലുകൾ നിർമ്മിക്കുവാനും മറ്റ് ഉത്പന്നങ്ങൾ ഉപയോഗിച്ച് മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കി വിപണിയിൽ എത്തിക്കുന്നതിനുമായി നബാർഡ് ചീഫ് ജനറൽ മാനേജർ ഡോ. ഗോപകുമാരൻ നായർ 700000/ രൂപ അനുവദിച്ചു കൊണ്ട് പദ്ധതി ഉദ്ഘാടനം ചെയ്തു. ഈപരിപാടിയിൽ നബാർഡ് ഡി.ഡി.എം. ശ്രീ. അജീഷ് ബാലു, എച്ച്.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, മറയൂർ ഗ്രാമ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൻ ശ്രീമതി. ദീപ അരുൾ ജ്യോതി, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോമോൻ തോമസ്, വില്ലേജ്

പ്ലാനിംഗ് കമ്മറ്റി പ്രസിഡന്റ് ശ്രീ. സൂര്യൻ, പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## SS 32/23 മറയൂർ ട്രൈബൽ മേഖലയിൽ ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനിക്ക് തുടക്കം കുറിച്ചു

ഇടനിലക്കാരെ ഒഴിവാക്കിക്കൊണ്ട് കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ നേരിട്ട് വിപണനം നടത്തുക എന്ന ഉദ്ദേശ്യത്തോടെ തുടക്കം കുറിച്ച പദ്ധതിയാണ്ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി. കുടികളിൽ ഉത്പാദിപ്പിക്കുന്ന വിവിധ ഉത്പന്നങ്ങൾ ബ്രാൻഡ് ചെയ്ത് വിപണിയിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കമ്പനിക്ക് തുടക്കം കുറിക്കുന്നത്. ആദിവാസി സമൂഹത്തിലെ വിദ്യാസമ്പന്നരായ ചെറുപ്പക്കാരെ ഈ കമ്പനിയുടെ ബോർഡ് ഓഫ് ഡയറക്ടർമാരായി തിരഞ്ഞെടുത്ത് മറയൂർ ഗ്രാമപഞ്ചായത്ത്, ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് എന്നീ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ ഏകോപനത്തോടുകൂടി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി അഡ്വൈസറി ബോർഡ് ആയി പ്രവർത്തിക്കാനാണ് ഉദ്ദേശിക്കുന്നത്. ഈപരിപാടിയിൽ നബാർഡ് ഡി.ഡി.എം. ശ്രീ. അജീഷ് ബാലു, എച്ച്.ഡി.എസ്. എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ, മറയൂർ ഗ്രാമ പഞ്ചായത്ത് വികസന കാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർ പേഴ്സൻ ശ്രീമതി ദീപ അരുൾ ജ്യോതി, പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോമോൻ തോമസ്, വില്ലേജ് പ്ലാനിംഗ് കമ്മറ്റി പ്രസിഡന്റ് ശ്രീ. സൂര്യൻ, പ്രോഗ്രാം ഓഫീസർ ശ്രീ. സിബി മാളിയേക്കൽ, മറ്റ് സ്റ്റാഫ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## SS 33/23 ഫെഡറൽ ബാങ്ക് ലോൺ വിതരണം

ഫെഡറൽ ബാങ്കിന്റെ ധനസഹായത്തോടെ വിവിധ കാർഷിക വരുമാന വർദ്ധന പദ്ധതികൾക്കായി ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി 45,50,000 രൂപ വിതരണം ചെയ്തു. സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന 3 ഫെഡറേഷനുകളിൽ നിന്നായി 10 സംഘങ്ങളിലെ 58 അംഗങ്ങൾക്കാണ് ആദ്യഘട്ട വായ്പ വിതരണം ചെയ്തത്. 07/09/2023 ൽ കരിമ്പൻ ബിഷപ്സ് ഹൗസിൽ വച്ച് നടന്ന ലോൺ മേളയുടെ വിതരണോദ്ഘാടനം സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. മാത്യു തടത്തിൽ നിർവ്വഹിച്ചു.

## SS 34/23 ലാപ്ടോപ്പ് വിതരണം

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷന്റെ സഹായത്തോടെ വിദ്യാർഥികൾക്കായി പഠനോപകരണമായ ലാപ്ടോപ്പുകൾ വിതരണം ചെയ്തു. 41000 രൂപ വിലവരുന്ന HP ലാപ്ടോപ്പുകൾ 50% സാമ്പത്തിക സഹായത്തോടെ 20000 രൂപയ്ക്കാണ് വിതരണം ചെയ്തത്. പരിപാടിക്ക് നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷൻ ദേശീയ കോർഡിനേറ്റർ ശ്രീ. അനന്ദു കൃഷ്ണൻ അദ്ധ്യക്ഷത വഹിക്കുകയും ഇടുക്കി രൂപത വികാരി ജനറാളും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി പ്രസിഡന്റുമായ മോൺ. ജോസ് പ്ലാച്ചിക്കൽ ലാപ്പ്ടോപ്പുകളുടെവിതരണോദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. നാഷണൽ എൻ.ജി.ഒ. കോൺഫെഡറേഷൻ ജില്ലാ സെക്രട്ടറി ശ്രീമതി ഷീബ സുരേഷ് സ്വാഗതം പറയുകയും ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിൽ എല്ലാവർക്കും നന്ദി പറയുകയും ചെയ്തു. ജില്ലയിലെ മറ്റ് സന്നദ്ധ സംഘടനകളായ ഗ്രീൻ വാലി ഡെവലെപ്മെന്റ് സൊസൈറ്റി, സീഡ് സൊസൈറ്റി, സ്പെസിയ ഫാർമർ പ്രൊഡ്യൂസർ കമ്പനി, മഹാത്മാ സേവാ കേന്ദ്രം എന്നിവരും പങ്കെടുത്തു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി 280 ഓളം വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു.

# കെ.സി.എസ്.എൽ.

## KCSL 33/23 അധ്യാപക ദിനം

സെപ്റ്റംബർ 5 ന് അധ്യാപക ദിനാചരണം വിവിധ പരിപാടികളോടെ വെള്ളയാംകുടി സെന്റ് ജെറോംസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെട്ടു. 'ജ്യോതിർഗമയ' എന്ന അധ്യാപക ദിന പരിപാടി സ്കൂൾ മാനേജർ ഫാ. തോമസ് മണിയാട്ട് ഉദ്ഘാടനം ചെയ്തു. കെ.സി.എസ്.എൽ. രൂപതാ ഡയറക്ടർ ഫാ. അമൽ മണിമലക്കുന്നേൽ, രൂപതാ പ്രസിഡന്റ് ശ്രീ. മനോജ് ചാക്കോ എന്നിവരുടെ സാന്നിധ്യവും യോഗത്തിലുണ്ടായിരുന്നു.

## KCSL 34/23 കളറിംഗ് മത്സര വിജയികൾ

KCSL നേതൃത്വം കൊടുത്ത കളറിംഗ് മത്സരത്തിൽ രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നായി ധാരാളം കുട്ടികൾ പങ്കെടുത്തു. കുട്ടികളുടെ കലാപരമായ കഴിവുകളെ വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടെ നടത്തിയ കളറിംഗ് മത്സരം വളരെ പ്രയോജനപ്രദമാംവിധം വിജയകരമായി പൂർത്തിയാക്കി. സ്കൂൾ തലത്തിലും റീജിയൺ തലത്തിലും രൂപതാ തലത്തിലും വിജയം നേടിയവർക്ക് സമ്മാനങ്ങൾ നൽകും.

## KCSL 35/23 സാഹിത്യമത്സരങ്ങൾ

സെപ്റ്റംബർ 16 ന് 5 റീജിയണുകളിലായി രൂപതാ സാഹിത്യ മത്സരം വിജയകരമായി പൂർത്തിയാക്കി. കുട്ടികൾക്ക് തങ്ങളുടെ സാഹിത്യവാസനകൾ തെളിയിക്കാൻ ഈ മത്സരം ഏറെ പ്രയോജനപ്രദമായി. റീജിയൺ തലത്തിൽ വിജയികളായവർക്കും രൂപതാ തലത്തിൽ വിജയികളായവർക്കും സമ്മാനങ്ങൾ നൽകും. ഒപ്പം രൂപതാ തലത്തിൽ ഒന്ന്, രണ്ട് സ്ഥാനങ്ങൾ കരസ്ഥമാക്കിയ കുട്ടികളെ സംസ്ഥാനതല മത്സരത്തിലേക്ക് തിരഞ്ഞെടുക്കുകയും ചെയ്തു.

## KCSL 36/23 One Million Children Praying Rosary

ഒക്ടോബർ മാസത്തിൽ കെ.സി.എസ്.എൽ. കുട്ടികളെല്ലാവരും ചേർന്ന് മിഷനറിമാർക്കുവേണ്ടി ജപമാലചൊല്ലി പ്രാർത്ഥിക്കാൻ തീരുമാനിച്ചു. ഒക്ടോബർ 18 ന് എല്ലാ സ്കൂളുകളിലും ജപമാല ചൊല്ലി പ്രാർത്ഥിച്ച് മിഷൻ പ്രദേശങ്ങളിൽ സഭയ്ക്കുവേണ്ടി ശുശ്രൂഷചെയ്യുന്ന മിഷനറിമാർക്കുവേണ്ടി പ്രാർത്ഥിച്ച് അവർക്ക് ശക്തി നല്കണം.

## KCSL 37/23 രൂപതാ കലോത്സവം

KCSL കലോത്സവം ഒക്ടോബർ 21 ന് മുരിക്കാശ്ശേരി സെന്റ് മേരിസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടത്തപ്പെടുന്നു. മത്സരത്തിന്റെ നിയമനിർദ്ദേശങ്ങളും വിശദവിവരങ്ങളും മാർഗ്ഗരേഖയിൽ നൽകിയിട്ടുണ്ട്. കുട്ടികളിലെ കലാപരമായ കഴിവുകളെ തിരിച്ചറിയാൻ ഈ കലോത്സവം കെ.സി.എസ്.എൽ. കുട്ടികൾക്ക് മറ്റൊരവസരം ഒരുക്കുന്നു.

## തിരുബാലസഖ്യം

### HC 41/23 എട്ട് നോമ്പ്

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന് ഒരുക്കമായി തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ എട്ട് നോമ്പ് എടുത്ത് പ്രാർത്ഥിച്ചു. അതോടൊപ്പം സെപ്റ്റംബർ രണ്ടാം തീയതി നടന്ന ഇടുക്കി രൂപതാ മരിയൻ തീർത്ഥാടനത്തിൽ കുഞ്ഞുങ്ങൾ പങ്കെടുത്തു. 50 ഓളം കുട്ടികൾ പരിശുദ്ധ അമ്മയുടെ വേഷം ധരിച്ച് തീർത്ഥാടനത്തിൽ പങ്കെടുത്തത് ഏറെ ശ്രദ്ധയാകർഷിച്ചു. കുഞ്ഞുങ്ങളെ ഒരുക്കിയ ആനിമേറ്റേഴ്സിനും മാതാപിതാക്കന്മാർക്കും നന്ദി.

### HC 42/23 മേഖലാ കലോത്സവം

സെപ്റ്റംബർ 22, 27, ഒക്ടോബർ 2 എന്നീ തീയതികളിലായി തിരുബാലസഖ്യം മേഖലാ കലോത്സവം നടത്തപ്പെട്ടു. മത്സരങ്ങൾ ഭംഗിയായി നടത്തിയ മേഖലാ ഡയറക്ടർമാർക്കും ആനിമേറ്റേഴ്സിനും പങ്കെടുത്ത കുട്ടികൾക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു.

### HC 43/23 ഉണ്ണീശോയുടെ ക്യാൻവാസ്

സെപ്റ്റംബർ മാസത്തിലെ ഉണ്ണീശോയുടെ ക്യാൻവാസിലെ പ്രവർത്തനം എല്ലാ കുട്ടികളും പൂർത്തിയാക്കിയെന്ന് ആനിമേറ്റേഴ്സ് ഉറപ്പുവരുത്തുമല്ലോ.

## ചെറുപുഷ്പ മിഷൻലീഗ്

### CML 72/23 മരിയൻ തീർത്ഥാടനം

എട്ടുനോമ്പ് ആചരണത്തിന്റെ ഭാഗമായി ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവിന്റെ ആത്മീയ നേതൃത്വത്തിൽ രൂപതാക്കുടുംബം ഒന്നു ചേർന്ന് മരിയൻ തീർത്ഥാടനം നടത്തി. സെപ്റ്റംബർ 2-ാം തീയതി രാജാക്കാട് ക്രിസ്തുരാജാ ഫൊ

റോനപ്പള്ളിയങ്കണത്തിൽ നിന്നും രാജകുമാരി ദൈവമാതാ പള്ളിയിലേയ്ക്ക് നടത്തിയ മരിയൻ തീർത്ഥാടനത്തിൽ മിഷൻലീഗ് സംഘടനയുടെ ശാഖാ, മേഖലാ, രൂപതാ, ഭാരവാഹികളും നിരവധി പ്രവർത്തകരും പങ്കെടുത്ത് ദൈവാനുഗ്രഹം നേടി.

## CML 73/23 സംസ്ഥാന മാനേജിംഗ് കമ്മറ്റിയും, സ്ഥാപക ഡയറക്ടർ - റവ. ഫാ. ജോസഫ് മാലിഷറമ്പിൽ അനുസ്മരണവും

സെപ്റ്റംബർ 9-ാം തീയതി ശനിയാഴ്ച ചങ്ങനാശ്ശേരി ആർപ്പൂക്കരയിൽവച്ച് നടന്ന ചെറുപുഷ്പ മിഷൻലീഗിന്റെ സംസ്ഥാന മാനേജിംഗ് കമ്മറ്റിയിലും, സ്ഥാപക ഡയറക്ടർ ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 25-ാം ചരമവാർഷിക ആചരണത്തിലും അനുസ്മരണ സമ്മേളനത്തിലും, ഇടുക്കി രൂപതയെ പ്രതിനിധീകരിച്ച് ഡയറക്ടർ - റവ. ഫാ. ഫിലിപ്പ് ഐക്കര, വൈസ് ഡയറക്ടർ - സി. സ്റ്റാർലെറ്റ് CMC, പ്രസിഡന്റ് - ജോർജുകുട്ടി സെബാസ്റ്റ്യൻ, സെക്രട്ടറി - അമൽ ജോണി എന്നിവർ പങ്കെടുത്തു.

## CML 74/23 സംസ്ഥാനതല പ്രസംഗമത്സരം

**ഒന്നാം സ്ഥാനം**

ചെറുപുഷ്പ മിഷൻലീഗ് സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് സംസ്ഥാന തലത്തിൽ നടത്തിയ പ്രസംഗ മത്സരത്തിൽ ഇരട്ടയാർ ശാഖാംഗമായ നോയ യോഹന്നാൻ ഒന്നാം സ്ഥാനം നേടി എവർ റോളിംഗ് ട്രോഫിയും ക്യാഷ് അവാർഡും കരസ്ഥമാക്കി. ഇടുക്കി രൂപതയ്ക്ക് അഭിമാനമായ കുമാരി നോയ യോഹന്നാന് അഭിനന്ദനങ്ങൾ!

## CML 75/23 സംസ്ഥാനതല സാഹിത്യ മത്സരം

സെപ്റ്റംബർ 22-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്ന സംസ്ഥാനതല സാഹിത്യ മത്സരത്തിൽ ഇടുക്കി രൂപതയിൽ നിന്നും 42 മത്സരാർത്ഥികൾ പങ്കെടുത്ത് മികച്ച വിജയം കരസ്ഥമാക്കി.

## CML 76/23 രൂപതാതല കലോത്സവം

സെപ്റ്റംബർ 28-ാം തീയതി മുരിക്കാശ്ശേരി സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് മിഷൻ ലീഗിന്റെ രൂപതാതല

കലോത്സവം നടത്തി. വിവിധ കലാരൂപങ്ങളിലൂടെയുള്ള സുവിശേഷ പ്രഘോഷണത്തിന് കുട്ടികളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ക്രമീകരിച്ച കലോത്സവത്തിലെ വിവിധ മത്സരയിനങ്ങളിൽ നൂറു കണക്കിന് മിഷൻലീഗ് അംഗങ്ങൾ പങ്കെടുത്തു. വിജയികളായ എല്ലാവർക്കും സമ്മാനങ്ങൾ നൽകി ആദരിച്ചു. മികച്ച പ്രകടനം കാഴ്ചവച്ച് ഒന്നും രണ്ടും മൂന്നും സ്ഥാനത്ത് എത്തിയ മേഖലകൾക്കും, ശാഖകൾക്കും ട്രോഫികൾ നൽകി. ഡയറക്ടർ - റവ. ഫാ. ഫിലിപ്പ് ഐക്കരയുടെയും, പ്രസിഡന്റ് - ശ്രീ. ജോർജുകുട്ടി സെബാസ്റ്റ്യന്റെയും നേതൃത്വത്തിലുള്ള രൂപതാ സമിതി അംഗങ്ങൾ കലോത്സവത്തിന് നേതൃത്വം നൽകി.

**പാറത്തോട് മേഖല**

മേഖലാ കലോത്സവം 'മിഴിവ് 2k23' നടത്തപ്പെട്ടു. പാറത്തോട് ശാഖ ഒന്നാം സ്ഥാനവും, കൈലാസം പണിക്കൻകുടി ശാഖകൾ രണ്ടാം സ്ഥാനവും പങ്കിട്ടെടുത്തു. ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്റെ നേതൃത്വത്തിൽ ഭാരവാഹികൾ ഒന്നു ചേർന്ന് പ്രായമായവരുടെ ഭവനങ്ങൾ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. എട്ടു നോമ്പിനോടനുബന്ധിച്ച് സന്ദേശങ്ങൾ വാട്സ്ആപ്പ് ഗ്രൂപ്പുകളിൽ നൽകി. ബഹുമാനപ്പെട്ട ജോസഫ് മാലിപ്പറമ്പിൽ അച്ചന്റെ 25-ാം ചരമവാർഷികത്തോട് അനുബന്ധിച്ച് മേഖലാ തലത്തിൽ ഉപന്യാസ രചനാ മത്സരം സംഘടിപ്പിച്ചു.

**മാങ്കുളം മേഖല**

Director's Day വളരെ സമുചിതമായി ആചരിച്ചു, മിഷൻലീഗ് സ്ഥാപക ഡയറക്ടർ റവ ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണ പ്രാർത്ഥന എല്ലാ ശാഖകളിലും നടത്തുകയും മാലിപ്പറമ്പിൽ അച്ചന്റെ പ്രവർത്തനങ്ങളെ കുട്ടികൾക്ക് പരിചയപ്പെടുത്തി കൊടുക്കുകയും ചെയ്തു.

**തങ്കമണി മേഖല**

പരിശുദ്ധ അമ്മയുടെ ജനന തിരുനാളിന് ഒരുക്കമായി തിരുവചന മെസ്സേജ് നൽകി. എല്ലാ കുട്ടികളും പരിശുദ്ധ അമ്മയുടെ ചിത്രം കളർ ചെയ്ത് ദൈവാലയത്തിൽ സമർപ്പിച്ചു. മരിയൻ തീർത്ഥാടനം നടത്തി. അനാഥാലയം സന്ദർശിച്ച് കരുണാ ദിനം ആചരിച്ചു. രൂപതാ ടീം മേഖല സന്ദർശിച്ച് വിലയിരുത്തലുകൾ നടത്തി. പരിശുദ്ധ അമ്മയുടെ വിവിധങ്ങളായ ചിത്രങ്ങൾ ചേർത്ത് ആൽബം തയ്യാറാക്കി. രൂപതാ മത്സരത്തിനായി കുട്ടികളെ ഒരുക്കി. രോഗികൾക്കായി ധനസഹായം നൽകി.

**വെള്ളയാംകുടി മേഖല**

എട്ടുനോമ്പ് തിരുനാളിനോട് അനുബന്ധിച്ച് 'ഫിയാത്ത 2k23' എന്ന പേരിൽ ഒരു ഓൺലൈൻ ക്വിസ് മത്സര സംഘടിപ്പിച്ചു. സ്ഥാപക ഡയറക്ടർ റവ. ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണം എല്ലാ ശാഖകളിലും സംഘടിപ്പിക്കുകയും രൂപതാ, മേഖലാ ഡയറക്ടർമാരെ ആദരിക്കുകയും ചെയ്തു. സംസ്ഥാന തലത്തിൽ നടത്തപ്പെട്ട മാലിപ്പറമ്പിൽ അനുസ്മരണ പ്രസംഗം മത്സരത്തിൽ സമ്മാനാർഹയായ നോയ യോഹന്നാന് മേഖലയുടെ നേതൃത്വത്തിൽ അനുമോദനങ്ങൾ നൽകി. രൂപതാ കലോത്സവത്തിൽ പങ്കെടുക്കാനുള്ള കുട്ടികൾക്കായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. നിയുക്ത ഗോരഖ്പൂർ രൂപതാ അധ്യക്ഷൻ മാർ മാത്യു നെല്ലിക്കുന്നേലിന് സ്വീകരണം നൽകി. തദവസരത്തിൽ എല്ലാവിധ പ്രാർത്ഥനാശംസകളും മേഖലയ്ക്ക് വാഗ്ദാനം ചെയ്യുകയും സന്ദർശക ഡയറിയിൽ പിതാവ് ഒപ്പു വയ്ക്കുകയും ചെയ്തു. മിഷൻ മാസാചരണത്തിന് വേണ്ട ഒരുക്കങ്ങൾ ക്രമീകരിച്ചു.

## കെ.സി.വൈ.എം. (SMYM)

### KCYM 56/23 Chips Challenge

"ഓണത്തിനൊരു കൈത്താങ്ങ്" എന്ന ലക്ഷ്യത്തോടെ നിർദ്ദ നരായ കുടുംബങ്ങൾക്ക് ഓണക്കാലത്ത് സഹായമാകുവാൻ കെ.സി. വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ Chips Challenge നടത്തി.

### KCYM 57/23 കലോത്സവം ലോഗോ റിലീസ്

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ രണ്ടാമത് രൂപതാ കലോത്സവത്തിന്റെ ലോഗോ റിലീസ് ചെയ്യപ്പെട്ടു. അശാന്തത നിറഞ്ഞ മണിപ്പൂരിന് ഐക്യദാർഢ്യവുമായി 'അശാന്തം 2023' എന്ന പേരിലാണ് കലോത്സവം സംഘടിപ്പിക്കുന്നത്.

### KCYM 58/23 ആർഷോ 2k23 ഓണാഘോഷം

കെ.സി.വൈ.എം. ഇടുക്കി രൂപത സമിതിയുടെ ഓണാഘോഷം ഓഗസ്റ്റ് 26-ാം തീയതി കല്ലാർകുട്ടിയിൽ വച്ച് നടത്തപ്പെട്ടു.

## KCYM 59/23 മേഖല ഇലക്ഷൻ

കെ.സി.വൈ.എം.-ന്റെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനായി 6 മേഖലകളായി തിരിച്ചുകൊണ്ട് സെപ്റ്റംബർ 3 ഞായറാഴ്ച 6 കേന്ദ്രങ്ങളിൽ വച്ച് മേഖല ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടത്തപ്പെട്ടു.

## KCYM 60/23 Leadership Conclave

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ മേഖല ഭാരവാഹികൾക്കായി സെപ്റ്റംബർ 9 ന് അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് LEADERSHIP CONCLAVE നേതൃത്വ പരിശീലന ക്യാമ്പ് സംഘടിപ്പിക്കപ്പെട്ടു. കെ.സി.വൈ.എം. മുൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. സണ്ണി കടൂത്താഴെ ക്ലാസുകൾക്ക് നേതൃത്വം നൽകി.

## KCYM 61/23 Christeve - An Evening with Jesus Christ

യുവജനങ്ങൾ ഒരുമിച്ച് സായാഹ്നത്തിൽ ക്രിസ്തുവിനോടൊപ്പം എന്ന ആശയവുമായി കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ആരംഭിച്ച ക്രിസ്റ്റീവ് നൈറ്റ് വിജിൽ കെ.സി.വൈ.എം. ചുരുളി യൂണിറ്റിൽ സംഘടിപ്പിച്ചു.

## KCYM 62/23 'അശാന്തം 2023' കലോത്സവ രചനാ മത്സരം

കെ.സി.വൈ.എം. ഇടുക്കി രൂപത കലോത്സവം 'അശാന്തം 2023' കലോത്സവ രചനാമത്സരങ്ങൾ സെപ്റ്റംബർ 10-ാം തീയതി ഓൺലൈൻ ആയി നടത്തപ്പെട്ടു. കഥാരചന, കവിതാരചന, ഉപന്യാസം, കാർട്ടൂൺ രചന, പത്രവാർത്ത രചന, നോട്ടീസ് രചന, പോസ്റ്റർ രചന, മുദ്രാവാക്യ രചന, ഡിജിറ്റൽ പോസ്റ്റർ മേക്കിങ്, ട്രോൾ മേക്കിങ് തുടങ്ങിയ രചന മത്സരങ്ങൾ ആണ് ഓൺലൈൻ ആയി നടത്തപ്പെട്ടത്.

# ജീസസ് യൂത്ത് ഇടുക്കി സോൺ

## JY 63/23 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് സെപ്റ്റംബർ മാസം 31-ഒക്ടോബർ 1 തീയതികളിൽ, ആനിമേറ്റർ സിസ്റ്റർ ബ്ലസി

സിഎംസി യുടെ സാന്നിധ്യത്തിൽ നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 64/23 Intercession മിനിസ്ട്രി

### സോണൽ നൈറ്റ് വിജിൽ

ഇടുക്കി സോണിന്റെ നേതൃത്വത്തിൽ സെപ്റ്റംബർ 15 വെള്ളിയാഴ്ച അടിമാലി ആത്മജ്യോതിയിൽ വച്ച് ജാഗരണ പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും നടത്തപ്പെട്ടു. ഇടുക്കി രൂപത മതബോധന ഡയറക്ടർ ഫാ. ഫിലിപ്പ് ഐക്കര നേതൃത്വം നൽകി.

## JY 65/23 സെൻട്രൽ പ്രയർ മീറ്റിംഗ്

എല്ലാ വ്യാഴാഴ്ച്ചകളിലും പടമുഖം സ്നേഹമന്ദിരത്തിൽ വച്ച് സെൻട്രൽ പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

## JY 66/23 Soul Seeker വിശുദ്ധരെ അറിയാൻ

എല്ലാ ബുധനാഴ്ചകളിലും Intercession മിനിസ്ട്രിയുടെ നേതൃത്വത്തിൽ നവമാധ്യമങ്ങളിലൂടെ ഒരു വിശുദ്ധനെ പരിചയപ്പെടുകയും, ആ വിശുദ്ധന്റെ ജീവിത മാതൃക പിന്തുടരുവാൻ പരിശ്രമിക്കുകയും,ആ വിശുദ്ധനോട് പ്രത്യേകം മാധ്യസ്ഥ്യം യാചിച്ചു പ്രാർത്ഥിക്കുകയും ചെയുന്നു.

## JY 67/23 Friday Cafe ഓൺലൈൻ പ്രയർ ഗ്രൂപ്പ്

വിദേശത്തും സ്വദേശത്തും ആയി വിവിധ മേഖലകളിൽ പഠനത്തിലും ജോലിയിലും ആയിരിക്കുന്ന ആളുകൾ ഒരുമിച്ചു വരുന്ന ഓൺലൈൻ സ്നേഹക്കൂട്ടായ്മ എല്ലാ വെള്ളിയാഴ്ചകളിലും നടത്തപ്പെടുന്നു. പ്രാർത്ഥനയിലും, പങ്കുവയ്ക്കലിലും, വചനപഠനത്തിനും വേരൂന്നുവാൻ കൂട്ടായ്മ സഹായിക്കുന്നു.

## JY 68/23 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, രാജാക്കാട് അടിമാലി എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടത്തിവരുന്നു.

## JY 69/23 സോണൽ ഹൗസ് ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ജൂലൈ മാസത്തിലെ

ഹൗസ്ഹോൾഡ്, ഓഗസ്റ്റ് മാസം 6-ാം തീയതി തെള്ളിത്തോട് St. Joseph ദൈവാലയത്തിൽ വച്ച് കൂടുകയുണ്ടായി. സോണൽ ഹൗസ് ഹോൾഡ് ടീം നേതൃത്വം നൽകിയ പരിപാടി ഏവരുടെയും സജീവ സാന്നിധ്യത്താൽ മനോഹരമായി.

## JY 70/23 ഫാമിലി ടീം

### ഫാമിലി പ്രയർ ഗ്രൂപ്സ്

ഫാമിലി ടീമിന്റെ നേതൃത്വത്തിൽ വിവിധ സബ്സോണുകളിലായി ഫാമിലി പ്രയർ ഗ്രൂപ്പുകൾ കൂടി വരുന്നു.

## JY 71/23 ടീൻസ് മിനിസ്ട്രി

### ടീൻസ് ഡേ സെലിബ്രേഷൻ

വിശുദ്ധ കൊച്ചുത്രേസ്യയുടെയും പരിശുദ്ധ കന്യകാ മറിയത്തിന്റെ ജപമാലയുടെയും മാസമായ ഒക്ടോബർ മാസം ടീൻസ് മാസമായി ആഘോഷിക്കുന്നു. ടീൻസ് മാസത്തോടനുബന്ധിച്ച് തീംസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ടീൻസ് ഡേ ആഘോഷിക്കുന്നു,

### Teens Evangulistic Fellowship Groups

ടീൻസ് ടീമിന്റെ നേതൃത്വത്തിൽ സുവിശേഷ വൽക്കരണ കൗമാര കൂട്ടായ്മകൾക്ക് നേതൃത്വം നൽകി വരുന്നു.

## JY 72/23 പ്രയർ ഗ്രൂപ്പുകൾ

കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിലും, വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലും പ്രയർ ഗ്രൂപ്പുകൾ നടത്തുന്നു.

## JY 73/23 ക്യാമ്പസ് മിനിസ്ട്രി

### ക്യാമ്പസ് പ്രയർ മീറ്റിംഗ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജ്, അടിമാലി കാർമൽഗിരി കോളേജ്, രാജാക്കാട് സാൻജോ കോളേജ് എന്നീ ക്യാമ്പസുകളിൽ എല്ലാ ആഴ്ചകളിലും പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

## JY 74/23 Meet the Campus, Pro-Life Seminar

ഇടുക്കി Pro Life മിനിസ്ട്രിയുടെ നേതൃത്വത്തിൽ അടിമാലി കാർമൽഗിരി കോളേജിൽ വച്ച് ജീവന്റെ മൂല്യത്തെക്കുറിച്ച് അവബോധം നൽകുന്നതിനായി സെമിനാർ നടത്തപ്പെട്ടു.

## JY 75/23 ജാഗോ നാഷണൽ കോൺഫറൻസ്

### ജാഗോ യാത്ര : തിരുശേഷിപ്പ് പ്രയാണം

ജാഗോ നാഷണൽ കോൺഫറൻസ് മധ്യസ്ഥ്യ പ്രാർത്ഥന യുടെ ഭാഗമായി വിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപാപ്പയുടെ തിരുശേഷിപ്പുമായി ജാഗോ യാത്ര സെപ്റ്റംബർ മൂന്നാം തീയതി ഇടുക്കി സോണിൽ വിവിധ സബ് സോണുകളിലൂടെ കടന്നു വന്നു. SABS പ്രൊവിൻഷ്യൽ ഹൗസ്, വാഴത്തോപ്പ് സെന്റ് ജോർജ് കത്തീഡ്രൽ, കരിമ്പൻ സെന്റ് മേരിസ് ചർച്ച്, പാറത്തോട് സെന്റ് ജോർജ് ഫൊറോന ചർച്ച്, സെന്റ് ജോസഫ് ഫോർമേഷൻ ഹൗസ്, CMC പ്രൊവിൻഷ്യൽ ഹൗസ്, മോർണിംഗ് സ്റ്റാർ ഹോസ്പിറ്റൽ അടിമാലി, സെന്റ് ജൂഡ് ചർച്ച് അടിമാലി എന്നീ സ്ഥലങ്ങളിലൂടെ തിരുശേഷിപ്പ് പ്രയാണം കടന്നു വന്നു. പ്രാർത്ഥിക്കുകയും സഹകരി ക്കുകയും ചെയ്ത എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

### ജാഗോ നാഷണൽ കോൺഫറൻസ്

ജീസസ് യൂത്തിന്റെ നാഷ്ണൽ കോൺഫറൻസായ ജാഗോ കോൺഫറൻസ് ഒക്ടോബർ 21 മുതൽ 24 വരെയുള്ള തീയതികളിൽ ബാംഗ്ലൂർ ക്രൈസ്റ്റ് കോളേജിൽ വച്ച് നടത്തപ്പെടുന്നു. ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുള്ള യുവജനങ്ങൾ, ബിഷപ്പുമാർ, വൈദി കർ, സന്ന്യസ്തർ എന്നിവരുൾപ്പെടെ പതിനാറായിരത്തോളം പേർ ഈ കോൺഫറൻസിന്റെ ഭാഗമാകുന്നുണ്ട്. കേരളത്തിൽ നിന്ന് എണ്ണായിരത്തോളം ആളുകൾ പങ്കെടുക്കുന്നു. ഇടുക്കി സോണിൽ നിന്നും വൈദികരും സന്ന്യസ്തരും ഉൾപ്പെടെ 164 പേരാണ് ജാഗോ കോൺഫറൻസിന്റെ ഭാഗമാകുന്നത്.

## മാതൃവേദി

## MV 19/23 മരിയൻ തീർത്ഥാടനം

സെപ്റ്റംബർ രണ്ടാം തീയതി രാജക്കാട്ടിൽ നിന്നും രാജകു മാരിലേക്കുള്ള മരിയൻ തീർത്ഥാടനത്തിൽ വിവിധ ഇടവകയിൽ നിന്നും മാതൃവേദി അംഗങ്ങൾ പങ്കെടുത്ത് അനുഗ്രഹങ്ങൾ പ്രാ പിച്ചു. പങ്കെടുത്ത എല്ലാ മാതൃവേദി അംഗങ്ങൾക്കും, ഇടുക്കി മാതൃ വേദിയുടെ നന്ദി അറിയിക്കുന്നു

## MV 20/23 മരിയൻ ചിന്തകൾ

പരിശുദ്ധ അമ്മയുടെ പിറവി തിരുനാളിനോടൊനുബന്ധിച്ച് വിവിധ ഇടവകയിൽ നിന്നും തിരഞ്ഞെടുത്ത 8 മാതൃവേദി അംഗങ്ങൾ 8 ദിവസങ്ങളിലായി മരിയൻ ചിന്തകൾ പങ്കുവച്ചു.

## MV 21/23 അന്താരാഷ്ട്ര മാതൃവേദി മീറ്റിംഗ്

സെപ്റ്റംബർ 4, 5 തീയതികളിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ അന്താരാഷ്ട്ര മാതൃവേദി മീറ്റിങ്ങിൽ രൂപതാ ഭാരവാഹികൾ എല്ലാവരും പങ്കെടുത്തു

## MV 22/23 മേഖല ആനിമേറ്റേഴ്സ് മീറ്റ്

സെപ്റ്റംബർ 16-ാം തീയതി കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് മേഖല ആനിമേറ്റേഴ്സ് മീറ്റും എക്സിക്യൂട്ടീവും വിളിച്ചുകൂട്ടി. മേഖലയിൽ നിന്നും പങ്കെടുത്ത എല്ലാ മേഖല ആനിമേറ്റേഴ്സിനും എക്സിക്യൂട്ടിവ് അംഗങ്ങൾക്കും ഇടുക്കി രൂപതാ മാതൃവേദിയുടെ നന്ദി അറിയിക്കട്ടെ.

## MV 23/23 മേഖല ഡയറക്ടേഴ്സ് മീറ്റ്

സെപ്റ്റംബർ 12-ാം തീയതി കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് മേഖല ഡയറക്ടേഴ്സ് മീറ്റ് നടത്തപ്പെട്ടു. ഈ മീറ്റിംഗിൽ പങ്കെടുത്ത എല്ലാ ഡയറക്ടർ അച്ചൻമാർക്കും ഇടുക്കി രൂപത മാതൃവേദിയുടെ നന്ദി അറിയിക്കട്ടെ.

## MV 24/23 ജപമാല മാസം

മാതൃവേദി അമ്മമാർ ഒരു ലക്ഷം കൊന്ത ചൊല്ലി കുടുംബത്തിന്റെ വിശുദ്ധീകരണത്തിനുവേണ്ടിയും മിഷൻ പ്രദേശത്ത് ജോലിചെയ്യുന്ന വൈദിക സന്യസ്തർ അല്മായ സുഹൃത്തുക്കൾ എന്നിവർക്കും വേണ്ടി ഈ ജപമാലചൊല്ലി കാഴ്ചവയ്ക്കുന്നു.



# പ്രാർത്ഥനാ ഗ്രൂപ്പ്

## PG 43/23 ഇടുക്കി സോൺ - പ്രീച്ചേഴ്സ് ആൻഡ് കൗൺസിലേഴ്സ് ഫോർമേഷൻ

രൂപതയിൽ പ്രീച്ചേഴ്സ് ആൻഡ് കൗൺസിലേഴ്സ് ആയി

ശുശ്രൂഷ ചെയ്യുന്നവർക്കായുള്ള ഏകദിന ഫോർമേഷൻ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിൽ കട്ടപ്പന സോണൽ ഡയറക്ടർ ഫാ. ജോസഫ് കോയിക്കലിന്റെ നേതൃത്വത്തിൽ ആറാം തീയതി നടന്നു. ക്ലാസുകൾ ശ്രീ. ഷാജി വൈക്കത്തുപറമ്പിൽ നയിച്ചു.

## PG 44/23 തിരുസന്നിധെ

കരിസ്മാറ്റിക് നവീകരണത്തിന്റെ ജൂബിലി 'ജൂബിലെവൂസ് 2026' ന് ഒരുക്കമായുള്ള ആയിരം ദിന മാധ്യസ്ഥ്യ പ്രാർത്ഥനയുടെ ഭാഗമായി 'തിരുസന്നിധെ' മാധ്യസ്ഥ്യ പ്രാർത്ഥന പത്താം തീയതി പാറത്തോട് പള്ളിയിൽ വച്ച് രൂപതാ ആനിമേറ്റർ റവ ഫാ. ജോസഫ് നടുപ്പടവിലിന്റെ നേതൃത്വത്തിൽ നടന്നു.

## PG 45/23 ഓൺലൈൻ മാധ്യസ്ഥ്യ പ്രാർത്ഥന കൂട്ടായ്മ

രൂപതയിലെ കുടുംബങ്ങൾ, വൈദികർ, അരുണാചൽ മിഷൻ എന്നിവക്കുവേണ്ടിയുള്ള ഓൺലൈൻ മാധ്യസ്ഥ്യ പ്രാർത്ഥന എല്ലാ വ്യാഴാഴ്ചകളിലും നടക്കുന്നു.

## PG 46/23 മണിപ്പൂരിനുവേണ്ടി

മണിപ്പൂരിൽ ശാന്തിയും സമാധാനവും പുനഃസ്ഥാപിക്കപ്പെടുവാനായി ഇടുക്കി സോണിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും രാത്രി 9:00 മുതൽ 9:30 വരെ മാധ്യസ്ഥ്യ പ്രാർത്ഥന നടക്കുന്നു.

## PG 47/23 ശിഷ്യത്വപരിശീലനം

കരിസ്മാറ്റിക് നവീകരണ മുന്നേറ്റത്തിന്റെ നേതൃത്വത്തിലുള്ളവരുടെ ആത്മീയ വളർച്ച ലക്ഷ്യമാക്കി ഒരു ദ്വിദിന പരിശീലനം പടമുഖം ധ്യാനകേന്ദ്രത്തിൽ വച്ച് 22, 23 തീയതികളിൽ നടന്നു.

## PG 48/23 കട്ടപ്പന സോൺ ZAC

കട്ടപ്പന സോൺ ZAC ഒക്ടോബർ മാസം രണ്ടാം തീയതി തൊവരയാർ ഉണ്ണിമിശിഹാ പള്ളിയിൽ വച്ച് നടക്കും.

## PG 49/23 ഇടുക്കി രൂപത പ്രീച്ചേഴ്സ് ആൻഡ് കൗൺസിലേഴ്സ് മീറ്റിംഗ്

ഇടുക്കി രൂപത പ്രീച്ചേഴ്സ് ആൻഡ് കൗൺസിലേഴ്സ് മീറ്റിംഗ് സെപ്റ്റംബർ മാസം ആറാം തീയതി ഇരട്ടയാർ സെന്റ് തോമസ് ഫൊ

റോനാ ദൈവാലയത്തിൽ വച്ച് നടന്നു. കട്ടപ്പന സോൺ ആനിമേറ്റർ ബഹുമാനപ്പെട്ട ജോസഫ് കോയിക്കൽ അച്ചനും, NST മെമ്പർ ശ്രീ. ഷാജി വൈക്കത്തുപറമ്പിലും നേതൃത്വം നൽകി. 75 ഓളം അംഗങ്ങൾ പങ്കെടുത്തു.

## PG 50/23 പ്രാർത്ഥനാ യാത്ര

രൂപതാ ഡയറക്ടർ ജോസഫ് നടപ്പടവിൽ അച്ചനും കട്ടപ്പന സോൺ ആനിമേറ്റർ കോയിക്കൽ അച്ചനും, സോൺ കോഡിനേറ്റർ സണ്ണി വരകുകാലായുടെയും നേതൃത്വത്തിൽ, തമിഴ്നാട്ടിലെ തേനി മിഷനിൽ, സെപ്റ്റംബർ മാസം ഇരുപത്തിരണ്ടാം തീയതി, സോണൽ സർവീസ് ടീം അംഗങ്ങളും, സബ്സോൺ കോഡിനേറ്റേഴ്സും ഒന്നു ചേർന്ന് പ്രാർത്ഥിച്ചു.

## PG 51/23 എൽ.എസ്.എസ്. കുടുംബ കൂട്ടായ്മകളിൽ

ഇരട്ടയാർ സെന്റ് തോമസ് ഇടവക കൂട്ടായ്മകളിൽ എൽ. എസ്.എസ്. ആരംഭിച്ചു. സെപ്റ്റംബർ മാസം പത്താം തീയതി ഞായ റാഴ്ച രണ്ടുമണിക്ക്, ലൂർദ് മാതാ കൂട്ടായ്മയിൽ ഇടവക വികാരി മോൺ. ജോസ് കരിവേലിക്കൽ എൽ.എസ്.എസ്. ഉദ്ഘാടനം ചെയ്തു. 47 പേർ എൽ.എസ്.എസിൽ പങ്കെടുക്കുന്നു.

# ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ്

## GSP 01/23 സെൻട്രൽ കമ്മറ്റി രൂപീകരണം

ഗുഡ് സമരിറ്റൻ പെയിൻ ആൻഡ് പാലിയേറ്റീവ് സെൻട്രൽ കമ്മറ്റി രൂപീകരിച്ചു പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കി. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ, ഫാ. ജോൺസൺ ചെറുകുന്നേൽ, ഡോ. സി. സുഗുണ എഫ്.സി.സി, സി. റോസിൻ ജോസ് എഫ്.സി.സി., സി. അൽഫോൻസാ എസ്.എ.ബി.എസ്., ജോസ് പൂതക്കുഴി, ടോമി വെളിഞ്ഞാലിൽ, റോബർട്ട് കണ്ണഞ്ചിറ, ഷൈനി ഇലവുംപാറയിൽ എന്നിവരാണ് അംഗങ്ങൾ.

## GSP 02/23 യൂണിറ്റ് ശാക്തീകരണം

സെപ്റ്റംബർ 19 ന് മുരിക്കാശ്ശേരിയിൽ കൂടിയ കമ്മറ്റി ഒക്ടോ

ബർ നവംബർ മാസങ്ങളിലായി ഇപ്പോൾ നിലവിലുള്ള 52 യൂണിറ്റുകളും സന്ദർശിച്ചു പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും വാഴത്തോപ്പ്, പാറത്തോട് ഫൊറോനകളിലെ എല്ലാ പള്ളികളിലും യൂണിറ്റുകൾ ആരംഭിക്കുന്നതിന് ശ്രമിക്കണമെന്നും തീരുമാനിച്ചു.

# മദ്യവിരുദ്ധ സമിതി

## MVS 04/23 വെള്ളയാകുടി ഫൊറോന സമിതി രൂപീകരണവും സർക്കാർ ജനദ്രോഹ മദ്യനയത്തിൽ പ്രതിഷേധ ജ്വാലയും

2023 ഓഗസ്റ്റ് 24 വ്യാഴം 3 pm ന് വെള്ളയാകുടി സെന്റ് ജോർജ് ഫോറോന ദൈവാലയത്തിൽ വച്ച് മദ്യവിരുദ്ധ സമിതിയുടെ ഫൊറോനതല രൂപീകരണം നടന്നു. ഇടവകകളിൽ നിന്നും ബ. വൈദികരുടെ നേതൃത്വത്തിൽ പ്രതിനിധികൾ പങ്കെടുത്തു. സമിതി രൂപീകരണ മീറ്റിംഗിൽ രൂപതാ ജനറൽ സെക്രട്ടറി റോജസ് എം. ജോർജ് സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയ മംഗലം നിർദ്ദേശങ്ങൾ നൽകുകയും പത്ത് അംഗങ്ങൾ ഉൾപ്പെട്ട കമ്മിറ്റിയെ തിരഞ്ഞെടുക്കുകയും ചെയ്തു. ശ്രീ. എം.ടി. തോമസ് മാവേലിത്തുരുത്തേൽ പ്രസിഡന്റ്, ബാബുസാർ വെട്ടിയാങ്കൽ സെക്രട്ടറി, ഫാ. ജോർജ് കരിന്തേൽ രക്ഷധികാരി.

തുടർന്ന് സർക്കാർ ജനദ്രോഹ മദ്യനയത്തിൽ പ്രതിഷേധിച്ചുള്ള പ്രകടനവും പ്രതിഷേധ ജ്വാലയും സിറ്റിയിൽ നടന്നു. വെള്ളയാംകുടി ഫൊറോന അസിസ്റ്റന്റ് വികാരി ഫാ. ജോസഫ് ഉമിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. മദ്യ മയക്കുമരുന്നുകൾ കുടുംബത്തിൽ, സമൂഹത്തിൽ വരുത്തുന്ന വിനാശകരമായ ദുരന്തങ്ങളെക്കുറിച്ച് മുന്നറിയിപ്പ് നൽകി. കുട്ടികളും, യുവാക്കളും, സ്ത്രീകളും, വൈദികരും, സിസ്റ്റേഴ്സും ആദ്യാവസാനം പ്രതിഷേധജ്വാലയിൽ സന്നിഹിതരായിരുന്നു.

## MVS 05/23

സർക്കാർ ജനദ്രോഹ മദ്യനയത്തിൽ പ്രതിഷേധിച്ച് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതയുടെയും രാജാക്കാട്

ഫൊറോനയുടെയും നേതൃത്വത്തിൽ പ്രതിഷേധ റാലിയും, പ്രതിഷേധ ജ്വാലയും സംഘടിപ്പിച്ചു. രാജാക്കാട് ജംഗ്ഷനിൽ നടന്ന പ്രതിഷേധ ജ്വാല ഫൊറോനാ വികാരി ഫാ. ജോബി വാഴയിൽ ഉദ്ഘാടനം ചെയ്തു. ജനങ്ങളുടെ ക്ഷേമത്തിന് മുൻകൈ എടുക്കേണ്ട സർക്കാർ അവരെ ദുരിതത്തിലേക്ക് തള്ളി വീഴ്ത്തുകയാണ്. മദ്യശാലകൾ നാട് നീളെ തുറന്നുകൊണ്ട് ഖജനാവ് നിറയ്ക്കുകയാണ് ഇടതു സർക്കാർ. ഇതിനെതിരെ ജനങ്ങൾ പ്രതികരിക്കുമെന്നും അതിന്റെ മുന്നോടിയായാണ് ഇപ്പോൾ നടക്കുന്ന സമരങ്ങൾ. കൂടുതൽ ശക്തമായ സമരങ്ങൾ രൂപതാ നേതൃത്വത്തിൽ നടത്തി പ്രതിഷേധിക്കുമെന്ന് കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയമംഗലം, പ്രസിഡന്റ് സിൽബി ചുനയംമാക്കൽ, റോജസ് എം. ജോർജ് തുടങ്ങിയവർ അറിയിച്ചു. പ്രതിഷേധ പരിപാടികൾക്ക് ജോയി ചിമ്മിനിക്കാട്ട്, ടോമി മുത്താനാട്ട്, ജോയി മണ്ണാംപറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

## MVS 06/23 കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി രാജാക്കാട് ഫൊറോനാ സമിതി രൂപീകരണം

10.9.2023 ഞായർ 2.30 ന് രാജാക്കാട് ക്രിസ്തുരാജ ദൈവാലയത്തിൽ വച്ച് ഇടവകതല മദ്യവിരുദ്ധ സമിതി രൂപീകരണവും, അതോടൊപ്പം വിവിധ ഇടവകകളിൽ നിന്നും എത്തിയ പ്രതിനിധികൾ ഉൾപ്പെട്ട ഫൊറോനാതല രൂപീകരണവും ഭംഗിയായി നടന്നു. പ്രതിനിധി സമ്മേളനത്തിന് രൂപതാ ജനറൽ സെക്രട്ടറി റോജസ് എം. ജോർജ് സ്വാഗതം പറഞ്ഞു. രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയമംഗലം ആമുഖ സന്ദേശം നൽകി. ക്രിസ്തുരാജ ഫൊറോന വികാരി ഫാ. ജോബി വാഴയിൽ ഉദ്ഘാടനം ചെയ്തു. മദ്യവിരുദ്ധ, ബോധവൽക്കരണ, പോരാട്ടം ഈ കാലയളവിൽ മുഖ്യ സുവിശേഷ പ്രവർത്തനം ആണെന്നും, സാത്താന്റെ അടിമത്തത്തിൽ നിന്നും ഒരുവനെ മോചിപ്പിക്കുന്ന മദ്യവിരുദ്ധ പ്രവർത്തനം കൂടുതൽ ശക്തിപ്പെടേണ്ട കാലമാണെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. ഫൊറോനാ പ്രസിഡന്റായി ജോയി കൂനംപാലയ്ക്കൽ തിരഞ്ഞെടുക്കപ്പെട്ടു. പത്ത് അംഗങ്ങൾ ഉൾപ്പെട്ട സമിതി രൂപീകരിച്ചു.

## ആത്മജ്യോതി

### AJ. 07/23 ഒക്ടോബർ മാസത്തിലെ Marriage Preparation Course

13, 14, 15 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടുന്നത് ആയിരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയോ ഫോൺ വഴിയോ ബുക്ക് ചെയ്യേണ്ടതാണ്.

www.atmajyothi.site

**വിശദ വിവരങ്ങൾക്ക് :-**

Ph: 6235931254, 8078755919, 9400092632

### AJ. 06/23 ആത്മജ്യോതി ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്

ആത്മജ്യോതി ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ A1&A2 ഒക്ടോബർ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു. അന്വേഷണങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Ph.9496338577, 9400092632

www.atmajyothi.site



## കരുണ ഡിവൈൻ മേഴ്സി അനിമേഷൻ റിട്രീറ്റ് സെന്റർ, നെടുംകണ്ടം

### KAC. 05/23 ദൈവകരുണയുടെ വിശുദ്ധീകരണ ധ്യാനം

ഈ മാസം എട്ടാം തീയതി ഞായറാഴ്ച വൈകിട്ട് 5 മണി മുതൽ പന്ത്രണ്ടാം തീയതി വ്യാഴാഴ്ച രാവിലെ 8 മണി വരെ ദൈവകരുണയുടെ വിശുദ്ധീകരണ ധ്യാനം (പൊതു ധ്യാനം) നടത്തപ്പെടുന്നു.

### KAC. 06/23 കുട്ടികളുടെ ധ്യാനം

ഈ മാസം ഇരുപത്തിയൊന്നാം തീയതി ശനിയാഴ്ച 10 മണി

മുതൽ ഇരുപത്തിനാലാം തീയതി ചൊവ്വാഴ്ച 2 മണി വരെ കുട്ടിക ളുടെ ധ്യാനം നടത്തപ്പെടുന്നു എട്ടാം ക്ലാസ് മുതൽ പ്ലസ് ടു വരെ യുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്.

### KAC. 07/23 ശനിയാഴ്ച ആരാധനയും പരിശുദ്ധ കുർബാനയും വചന പ്രഘോഷണവും

മാസത്തിലെ എല്ലാ ശനിയാഴ്ചയും വൈകിട്ട് നാലര മുതൽ രാത്രി 8:30 വരെ ശനിയാഴ്ച ആരാധന നടത്തപ്പെടുന്നു.

### KAC. 08/23 കുട്ടികൾക്കായുള്ള ഏകദിന കൺവെൻഷൻ

മാസത്തിലെ രണ്ടാം ശനിയാഴ്ച രാവിലെ ഒമ്പതര മുതൽ ഉച്ചയ്ക്ക് ഒന്നര വരെ കുട്ടികൾക്കുവേണ്ടിയുള്ള ഏകദിന കൺവെൻഷൻ നടത്തപ്പെടുന്നു. ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്.

## വാർത്തകളും വിശേഷങ്ങളും

### മനുഷ്യന്റെ തിരക്കുപിടിച്ച ജീവിതം ദൈവത്തെ കണ്ടുമുട്ടാൻ കഴിയുന്നതാകണം: മാർ തോമസ് തറയിൽ

വർത്തമാനകാലത്തിലെ മനുഷ്യർ തിരക്കുപിടിച്ച ജീവിതത്തിലാണ്. ഈ ജീവിതം ദൈവത്തെ കണ്ടുമുട്ടാൻ ഉപകരിക്കുന്നതാകണമെന്ന് ചങ്ങനാശ്ശേരി അതിരൂപത സഹായ മെത്രാൻ മാർ തോമസ് തറയിൽ പറഞ്ഞു. ഇടുക്കിയുടെ മൂന്നാമത് മരിയൻ തീർത്ഥാടനത്തിൽ വിശുദ്ധ കുർബാന സന്ദേശം നൽകുകയായിരുന്നു അദ്ദേഹം. ഉത്തരാധുനിക മനുഷ്യർ തിരക്കുപിടിച്ച ജീവിതയാഥാർത്ഥ്യത്തിന്റെ നടുവിലാണ് എല്ലാ മനുഷ്യരുടെയും യാത്രകൾ. എന്നാൽ തിരക്കുപിടിച്ച യാത്രകൾ ഭൗതിക നേട്ടങ്ങൾക്കു വേണ്ടിയിട്ടുള്ളതാണ് എന്നതാണ് സത്യം. എന്നാൽ മറിയം പഠിപ്പിക്കുന്നത് യാത്ര സഹോദരങ്ങളെ സഹായിക്കുന്നതിനും ദൈവത്തെ കണ്ടുമുട്ടുന്നതിനും പര്യാപ്തമാകണം എന്നുള്ളതാണ് എന്ന് അദ്ദേഹം ഓർമിപ്പിച്ചു. രാജാക്കാട് ക്രിസ്തുരാജാ ഫെറോനാ പള്ളിയിൽ നിന്നും ആരംഭിച്ച തീർത്ഥാടനം രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാല

യത്തിൽ സമാപിച്ചു. ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലി ക്കുന്നേൽ നേതൃത്വം നൽകിയ തീർത്ഥാടനത്തിൽ ആയിരക്കണ ക്കിന് വിശ്വാസികൾ പങ്കുചേർന്നു. രൂപതയിലെ മുഴുവൻ വൈദി കരും സമർപ്പിതരും ആയിരക്കണക്കിന് വിശ്വാസികളും തീർത്ഥാടന ത്തിൽ ആദ്യന്തം പങ്കുചേർന്നു.

## അൽമായർക്കുവേണ്ടിയുള്ള ദൈവശാസ്ത്ര പഠന കോഴ്സിന്റെ ആറാമത്തെ വാർഷികവും സർട്ടിഫിക്കറ്റ് വിതരണവും


ഇടുക്കി രൂപതയിൽ ആത്മജ്യോതി പാസ്റ്റർ സെന്ററിൽ, 2013 ഡിസംബറിൽ മാർ മാത്യു ആനിക്കുഴിക്കാട്ടിൽ പിതാവ് ആരംഭിച്ച അൽമായർക്ക് വേണ്ടിയുള്ള ദൈവശാസ്ത്ര പഠന കോഴ്സിന്റെ ആറാമത്തെ വാർഷികവും സർട്ടിഫിക്കറ്റ് വിതരണവും എട്ടാമത്തെ ബാച്ചിന്റെ സ്വീകരണവും അഭിവന്ദ്യ പിതാവിന്റെ ജൂബിലി ആഘോ ഷവും പൗരസ്ത്യ വിദ്യാഭ്യാസത്തിന്റെ പ്രസിഡന്റായി നിയോഗിക്ക പ്പെട്ട റവ. ഡോ. മണിയാട്ടച്ചനെ ആദരിക്കലും 2023 സെപ്റ്റംബർ പത്താം തീയതി ആത്മജ്യോതിയിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് ആഘോഷപൂർവ്വമായ ദിവ്യബലി അർപ്പിക്കുകയും തുടർന്ന് നടന്ന വാർഷിക സമ്മേളനം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ദൈവശാസ്ത്രം പഠിക്കുന്നത് ആത്യന്തികമായി ദൈവത്തെ അറിഞ്ഞ് സ്നേഹിച്ച് നിത്യജീവൻ പ്രാപിക്കാൻ വേണ്ടിയാണെന്നും അതോ ടൊപ്പം തന്നെ പ്രാർത്ഥിച്ച് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ് ജ്ഞാനമു ള്ളവരായി മറ്റുള്ളവരെക്കൂടി ദൈവസ്നേഹത്തിലേക്ക് ആനയിക്കു വാനുമാണെന്ന് പിതാവ് ഉദ്ബോധിപ്പിച്ചു. പഠനം വിജയകരമായി പൂർത്തിയാക്കിയ 20 പേർക്ക് അഭിവന്ദ്യ പിതാവ് പൗരസ്ത്യ വിദ്യാ പീഠത്തിന്റെ സർട്ടിഫിക്കറ്റുകൾ നൽകി. ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയ ശ്രീ. ജോയ് എബ്രാഹത്തിനും ശ്രീമതി ബീന പി. ജോഷിക്കും നിത്യഹാജർ നേടിയവർക്കും സമ്മാനങ്ങൾ നൽകു കയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ ആശീർവാദത്തോടെയും ഡയറക്ടർ അച്ചന്റെ കരങ്ങളിൽ നിന്നും കത്തിച്ച തിരി സ്വീകരിച്ചു കൊണ്ട് നവാഗതർ എട്ടാം ബാച്ചിലേക്ക് പ്രവേശിച്ചു. ഫാ. പോളി മണിയാട്ട് മുഖ്യപ്രഭാഷണം നടത്തി. ഫാ. മാർട്ടിൻ പൊൻപനാൽ, സി. ഷെറിൻ ജോസ് സിഎംസി, ശ്രീ. ടോമി കൂത്രപ്പള്ളിയിൽ, ശ്രീ. റോയി ചൂരനോലിക്കൽ, ശ്രീ. സിബിച്ചൻ ജോസഫ്, ശ്രീമതി റെജി ജെയിംസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

# ഇടുക്കി രൂപത മൂന്നാമത് മരിയൻ തീർത്ഥാടനം






മരിയൻ തീർത്ഥാടനത്തിൽ
അണിനിരന്ന [illegible]



മരിയൻ തീർത്ഥാടനത്തോടനുബന്ധിച്ചു
വിവിധ ഇടവകകൾ തയ്യാറാക്കിയ ഫ്ലോട്ടുകൾ



Sahyanadham
Annual Subscription Rs. 350.00
Date of Publication: 01/10/2023

Reg. No. KL / IDK / 08 / 2022-2024
RNI Reg No. KERMAL / 2004 / 12498




മാർപാപ്പയുടെ പ്രാർത്ഥനാ നിയോഗം ഒക്ടോബർ 2023



ഒക്ടോബറിൽ റോമിൽ നടക്കുന്ന
സിനഡിനുവേണ്ടി പ്രാർത്ഥിക്കാം.

Printed at St. Martha's Offset Printers, Murickassery- 685 604
Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602